2019 ജനുവരി 23 ന് 03.00 P.M ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവർകളുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന രണ്ടാമത് കില ഗവേർണിംഗ് കൌൺസിൽ യോഗത്തിന്റെ മിനിട്സ്

ഹാജർ

1.	ശ്രീ. എ. സി.മൊയ്തീൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി	:	ചെയർപേഴ്സൺ
2.	ശ്രീ. ടി. കെ. ജോസ് ഐ. എ. എസ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്	:	കൺവീനർ
3.	ശ്രീ. ദിനേശൻ എച്ച് ഐ. എ. എസ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്	:	മെമ്പർ
4.	ശ്രീ. എൻ പത്മകുമാർ ഐ. എ. എസ് സെന്റർ ഫോർ റൂറൽ ഡെവലപ്പ്മെന്റ്	:	മെമ്പർ
5.	ശ്രീ.അനിൽ കുമാർ എസ് അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്	:	മെമ്പർ
6.	ശ്രീ. പാപ്പി റെഡ്ഡി സീനിയർ കൺസൾട്ടന്റ് NIRDPR, ഹൈദരാബാദ്	:	മെമ്പർ
7.	ശ്രീ. ബൽരാജ് ബി കെ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്	:	മെമ്പർ
8.	ശ്രീ. വി വി രമേശൻ ചെയർമാൻ,ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ	:	മെമ്പർ
9.	ശ്രീ. ആർ സുഭാഷ് പ്രസിഡണ്ട് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ	:	മെമ്പർ
10.	ശ്രീമതി. സതി കെ അണ്ടർ സെക്രട്ടറി പ്രതിനിധി, പ്ലാനിംഗ് & ഇക്കണോമിക്സ് എഫയേഴ്സ് ഡിപ്പാർട്ട്മെന്റ്	:	മെമ്പർ
11.	ശ്രീ. ദിനേശ് വി പ്രതിനിധി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ	:	മെമ്പർ
12.	ഡോ ജോയ് ഇളമൺ ഡയറക്ടർ, കില	:	മെമ്പർ

ഐറ്റം നമ്പർ : 1

16.01.2018 -ലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

16.01.2018-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-I) (പേജ്നം:43 -58)**

തീരുമാനം:

മിനിട്സ് അംഗീകരിച്ചു

ഐറ്റം നമ്പർ : 2

16.01.2018 -ലെ ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്

ഐറ്റം നമ്പർ : 1 27.03.2017 -ലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്. തീരുമാനം: *മിനിട്സ് അംഗീകരിച്ചു.*	നടപടി പൂർത്തീകരിച്ചു
ഐറ്റം നമ്പർ : 2 27.03.2017 -ലെ ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച് തീരുമാനം: *യോഗ തീരുമാനങ്ങളിൽ എടുത്ത നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തി. അഹാഡ്സ് -സിസിപിആർഎം സൊസൈറ്റിയുടെ ആസ്തി ബാധ്യത റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ 27/03/2017 ലെ ജനറൽ കൗൺസിൽ യോഗത്തിൽ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. കില ഡയറക്ടർക്ക് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കണമെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് നേരിട്ട് നിർദ്ദേശം നൽകി.*	പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല
ഐറ്റം നമ്പർ : 3 ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്: തീരുമാനം: *2017-18 സാമ്പത്തിക വർഷത്തിൽ കിലയുടെയും കില-സിഎച്ച്ആർഡിയുടെയും കണക്കുകൾ പ്രത്യേകമായും സംയോജിപ്പുകൊണ്ടും വാർഷിക കണക്കുകൾ ഓഡിറ്റ് നടത്തുകയും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റേഴ്സ് പാനലിൽ നിന്നും കൂടുതൽ പരിചയ സമ്പത്തുള്ള M/s. SKV Associates, Chartered Accountant, S16, Alukaks Castle, Civil Lane Road, Ayyanthole, Thrissur എന്ന സ്ഥാപനത്തെചുമതലപ്പെടുത്താൻ തീരുമാനിച്ചു. ഓഡിറ്റ് ഫീ 75,000/- രൂപയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു.*	2017-18 ലെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ M/s. SKV Associates, Chartered Accountant, Thrissur നെ ചുതലപ്പെടുത്തിയത് പ്രകാരം ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും ഒപ്പ് വെച്ച് തരികയും ആയത് ഐറ്റം നം. 3 ആയി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.
ഐറ്റം നമ്പർ : 4 1)ഓഡിറ്റ് റിപ്പോർട്ട് 2016-17 തീരുമാനം: *2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെയും എസ്ഐആർഡി (കില-സിഎച്ച്ആർഡി)യുടെയും കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ചു* 2)2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെ വാർഷിക കണക്കുകൾ തീരുമാനം: *2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെ വാർഷിക കണക്കുകൾ അംഗീകരിച്ചു* *കൂലി ചാർജ്ജിനത്തിൽ വരുന്ന ചെലവുകൾ അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ്സ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുന്നത് ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെട്ടു* 3)അഹാഡ്സ്-സിസിപിആർഎം: ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ് . തീരുമാനം:	1) ഇടർ നടപടി ആവശ്യമില്ല 2)പ്രസ്തുത അഭിപ്രായം കണക്കിലെടുത്തുക്കൊണ്ടാണ് 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയത് ഐറ്റം നം. ആയി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. 3)ഇടർ നടപടി ആവശ്യമില്ല

അഹാഡ്സ്-സിസിപിആർഎം ഓപ്പണിങ് ബാലൻസ് ഷീറ്റ് അംഗീകരിച്ചു	
ഐറ്റം നമ്പർ : 5 **2017-18 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്** **തീരുമാനം:** ബഡ്ജറ്റ് പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.	
• കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം എസ്ഐആർഡി/ഇടിസി സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ SIRD യുടെ കാര്യത്തിൽ നോൺഫാക്കൽറ്റി/സപ്പോർട്ട് സ്റ്റാഫിന്റെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ കേരളത്തെ സംബന്ധിച്ചിടത്തോളം സംയുക്ത കിലയായതിനാൽ കിലയുടെ മറ്റ് ധനാഗമന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഈ വിടവ് നികത്താവുന്നതാണ്. 30.03.2016 ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി ഐറ്റം നം 3.37 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപ വീതം വിഹിതമായി ലഭ്യമാക്കുവാൻ തീരുമാനിച്ചിരുന്നു. തുടർനടപടികൾ എടുക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തി.	നിർദ്ദേശ പ്രകാരം പ്രസ്തുത തീരുമാനം 28/07/2018 തീയതിയിലെ 2018/101/335 നമ്പർ കത്ത്പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് മറുപടിയൊന്നും ലഭ്യമായിട്ടില്ല
• കിലയിലെ സെന്റർ ഫോർ അർബൻ ഗവേൺൻസ് ശക്തിപ്പെടുത്തുവാൻ ഒരു അർബൻ ചെയർ രൂപീകരിക്കുവാനും നഗരഭരണത്തിനനുസൃതമായ വൈദഗ്ധ്യവും വിദഗ്ധരായവരുടെ സേവനവും ലഭ്യമാക്കുവാനും തീരുമാനിച്ചു. ഇതിന് വേണ്ട തുക മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വിഹിതമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. • അർബൻ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പരിശീലന പരിപാടിക്ക് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി നടപ്പിലാക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.	YASHADA എന്ന സ്ഥാപനത്തിലെ വിദഗ്ധനായ ശ്രീ. ലളിത് ദഷോറയു മായി ബന്ധപ്പെട്ട് ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു
• 2017-18 സാമ്പത്തിക വർഷത്തിൽ കിലക്ക് വകയിരുത്തിയിട്ടുള്ള 30 കോടി രൂപ പൂർണ്ണമായും ഈ സാമ്പത്തിക വർഷം തന്നെ കിലക്ക് ലഭിക്കുന്നതിന് വേണ്ടി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് പ്രത്യേക ശുപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.	2017-18 സാമ്പത്തിക വർഷത്തിലേക്കായി മൊത്തം കില ഗ്രാന്റ് -ഇൻ - എയ്ഡ് (പ്ലാൻ) തുകയായി 2812.26 ലക്ഷം രൂപയാണ് ലഭ്യമായിട്ടുള്ളത്. സർക്കാർ ഉത്തരവ് (ആർടി) നം. 4078/2017/തസ്വഭവ തീയതി. 18/12/2017 പ്രകാരം ഒന്നാം ഗഡുവായി 500 ലക്ഷം രൂപ ട്രഷറി അക്കൌണ്ടിൽ 16/03/2018 തീയതിയിൽ ലഭ്യമാക്കിയെങ്കിലും 28/03/2018 ന് ട്രഷറി അക്കൌണ്ടിൽ നിന്ന് 4 കോടി 52 ലക്ഷം രൂപ സർക്കാർ പിൻവലിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 2312.26 ലക്ഷം രൂപയുമാണ് 31/05/2018 ൽ ട്രഷറി അക്കൌണ്ടിൽ ലഭ്യമായിട്ടുള്ളതാണ്
• കിലയിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിയും വിലയിരുത്താനായി 6 മാസത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ സാന്നിധ്യത്തിൽ യോഗം കൂടുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി. കിലയുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായം പരമാവധി ഉറപ്പ് വരുത്തണമെന്നും അഭിപ്രായപ്പെട്ടു.	പ്രസ്തുത തീരുമാനം 09/11/2018 ലെ കത്ത് മുഖാന്തിരം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ കിലയിലെത്തി ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.
ഐറ്റം നമ്പർ : 6 **കില മെമ്മൊറാണ്ടം ഓഫ് അസോസിയേഷന്റെ ഭേദഗതി** **തീരുമാനം:**	നടപടി പൂർത്തീകരിച്ചു

കില മെമ്മൊറാണ്ടം ഓഫ് അസോസിയേഷന്റെ ഭേദഗതി അംഗീകരിച്ചു	
ഐറ്റം നമ്പർ : 7 കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ തീരുമാനം: 1. കില ജീവനക്കാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുക്കൊണ്ടും നിലവിലുള്ള ജീവനക്കാരെ നിലനിർത്തിക്കൊണ്ടും Centre for Management Development (CMD) യുടെ കരട് റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ CMD ക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു 2. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപെടുന്ന Centre for Management Development (CMD) യുടെ അന്തിമ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം സഹിതം ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.	അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
ഐറ്റം നമ്പർ : 8 ആശ്രിത നിയമനം- സ്കീം നയപരമായി അംഗീകാരം നല്കുന്നത് സംബന്ധിച്ച് തീരുമാനം: 1) കിലയിൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സ്കീമിന് നയപരമായ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു. 2) ശ്രീമതി നിനി.പി.പി. (D/o. Late Mary Paulson,പാർട്ട്ടൈം സ്വീപ്പർ) ക്ക് ഖലാസി (Class IV) തസ്തികയിൽ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം ആശ്രിത നിയമനം നൽകിയ നടപടി അംഗീകരിച്ചു. 3) 16.11.2008 ൽ കില സർവ്വീസിലിരിക്കെ മരണമടഞ്ഞ ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ.ശിവപ്രസാദ്.ടി.,സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ അംഗീകരിച്ച് കിലയിൽ ഒഴിവുള്ള ഖലാസി (Class IV) തസ്തികയിൽ നിയമനം നൽകുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി.	പൂർത്തീകരിച്ചു പൂർത്തീകരിച്ചു ശ്രീ. ശിവപ്രസാദ് 21/05/2018 ന് ജോലിയിൽ പ്രവേശിച്ചു.
ഐറ്റം നമ്പർ : 9 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് (2017 ഡിസംബർ മാസം വരെ) തീരുമാനം: 1) വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് അംഗീകരിച്ചു 2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചതിന് ശേഷം ജോലിയിൽ പ്രവേശിക്കുവാനും പരിശീലനാന്തത്തിൽ പരീക്ഷ നടത്തി ഗ്രേഡിംഗ് നടത്തുക, ഇത് പ്രമോഷന്റെ മാനദണ്ഡമാക്കുക തുടങ്ങിയ രീതികൾ അവലംബിച്ചുക്കൊണ്ടുള്ള പരിശീലന പരിപാടികൾ തയ്യാറാക്കുവാനും നിർദ്ദേശിച്ചു.	പൂർത്തീകരിച്ചു ലോക്കൽ ഗവൺമെന്റ് കമ്മീഷനുമായി ചർച്ച ചെയ്ത് ഇന്റഗ്രേഷന്റെ തീരുമാനങ്ങൾക്കനുസരിച്ച് ഇതുസംബന്ധിച്ച പരിപാടികൾ തയ്യാറാക്കുവാൻ തീരുമാനിച്ചു.

ഐറ്റം നമ്പർ : 10 **5 വർഷത്തെ വിശദമായ കർമ്മപരിപാടി (2017-18 മുതൽ 2021-22 വരെ)** **തീരുമാനം** ***5 വർഷത്തെ വിശദമായ കർമ്മപരിപാടി റിപ്പോർട്ട് (2017-18 മുതൽ 2021-22 വരെ) അംഗീകരിച്ചു.***	പൂർത്തീകരിച്ചു
അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ **ഐറ്റം നമ്പർ : 1** അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർ, കോഴിക്കോട് 08/12/2017 തീയതിയിലെ കത്ത് നമ്പർ KR/KKD/17592/Enf-Rec/4(5)/8F/2017/5889 പ്രകാരം രൂപ 44,56,635/- അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ് - Damage/Penality തുക ഇനത്തിൽ അടക്കുവാനുള്ള അറിയിപ്പ് **തീരുമാനം:** ***അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ് തുക Damage/Penality തുക ഇനത്തിൽ അടക്കേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിച്ച് ആവശ്യമായ പരിശോധനകൾ പൂർത്തീകരിച്ച് വേണ്ട നടപടികൾ എടുക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.***	08/12/2017 ലെ കോഴിക്കോട് അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ കാര്യാലയത്തിലെ KR/KKD/17592/Enf-Rec/4(5)/8F/2017/5889 നമ്പർ കത്ത് പ്രകാരം ഇ.പി.എഫ് തുകയായ 44,56,635/- രൂപ ***അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ്*** Damage/Penality ***തുക ഇനത്തിൽ*** 02/06/2018 ന് തീയതി അടച്ച് തീർപ്പാക്കി

തീരുമാനം :

മുൻ യോഗ മിനുട്സും നടപടി റിപ്പോർട്ടുകളും വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16/01/2018 ലെ ഗവേർണിംഗ് കൌൺസിൽ തീരുമാനം നടപ്പിലാക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി

ഐറ്റം നം: 2

അഹാഡ്സ്-സി.സി.പിആർഎം സൊസൈറ്റിയുടെ ആസ്തി ബാധ്യതാ റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ 27/03/2017 ലെ ജനറൽ കൌൺസിൽ യോഗത്തിൽ റൂറൽ ഡവലപ്പ്മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ആ.യത് ലഭ്യമാക്കുവാൻ അടിയന്തിര നടപടി എടുക്കുവാൻ 16/01/2018 ലെ ഗവേർണിംഗ് കൌൺസിൽ റൂറൽ ഡവലപ്പ്മെന്റ് കമ്മീഷണർക്ക് നേരിട്ട് നിർദ്ദേശം നൽകിയിട്ടും റിപ്പോർട്ട് നൽകാത്തതിന്റെ വിശദീകരണം ആരായുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി

ഐറ്റം നം: 5

1 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കി അടുത്ത ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

ഐറ്റം നമ്പർ : 3

ഓഡിറ്റ് റിപ്പോർട്ട്: 2017-18

2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ M/s SKV Associates , Chartered Accountants, Thrissur എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ടൻറ്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെൻറ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സമർപ്പിക്കുകയും ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്കായി ധനകാര്യവകുപ്പിലേക്ക് 2018 ആഗസ്റ്റ് മാസം 6 ന് തപാൽ മാർഗ്ഗം അയച്ചിട്ടുള്ളതുമാണ്. 2018 ആഗസ്റ്റ് 09 ാം തീയ്യതി ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും ജനറൽ കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ കിലയുടെ ആകെ വരുമാനം 853.07 ലക്ഷം രൂപയും ആകെ ചെലവ് 840.83 ലക്ഷം രൂപയുമാണ്.

Depreciation തുകയായ 98.02 ലക്ഷം രൂപ അക്കൌണ്ട് ചെയ്യുന്നതിന് മുമ്പ് കിലയുടെ അധിക വരുമാനം 110.26 ലക്ഷം രൂപ ആയിരുന്നു. Depreciation അക്കൌണ്ട് ചെയ്തതിന് ശേഷം അധിക വരുമാനം 12.24 ലക്ഷം രൂപയായി.

2017-18 സാമ്പത്തിക വർഷത്തിൽ കിലയുടെ മൊത്ത വരുമാനം മുൻ വർഷത്തേക്കാൾ 26% ഉയർന്നതോടൊപ്പം തന്നെ ചെലവ് 17% ഉയരുകയും ഉണ്ടായി

2017-18 സാമ്പത്തിക വർഷത്തിലെ കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നചുരുക്കം താഴെകൊടുക്കുന്നു (തുക ലക്ഷത്തിൽ)

Sl No	Particulars	Current year 2017-18 (Rs. in lakhs)	Previous year 2016-17 (Rs. in lakhs)	% Increase /(Decrease) compared to P.Y
INCOME:				
1	**Income from training Programme**	**495.42**	**336.17**	**47.37**
	KILA HQ	-	-	
	Administrative charges collected	157.68	119.72	
	Faculty and staff time	6.13	8.19	
	Course Fee collected (PGD in Child Governance)	0.05	1.75	
	Room rent & rent training equipment	307.61	191.98	
	KILA KOTTARAKKARA CENTRE	-	-	
	Administration Charges/Mess & Hostel Fee	23.96	14.52	
2	**By Grant from Government -Non Plan Fund**	**276.55**	**250.55**	**10.38**
	KILA HQ	-	-	

Sl No	Particulars	Current year 2017-18 (Rs. in lakhs)	Previous year 2016-17 (Rs. in lakhs)	% Increase /(Decrease) compared to P.Y
	Non Plan Fund (Govt of Kerala)	41.27	35.89	
	KILA KOTTARAKKARA CENTRE	-	-	
	Recurring Grant (Govt of India)	39.48	74.04	
	Recurring Grant (Govt of Kerala)	43.66	56.34	
	Recurring Grant for Core Faculty Arrear (GoI)	87.14	9.17	
	Recurring Grant 2015-16 Reimbursement (GoI)	65.00	75.11	
3	**Interest from bank**	**54.04**	**54.66**	
	KILA HQ	49.52	49.03	
	KILA KOTTARAKKARA CENTRE	4.51	5.62	
4	**Other Income**	**27.06**	**31.86**	
	KILA HQ	-	-	
	Accredited Agencies-Processing Fee	0.70	-	
	Consultancy & other income	17.57	29.28	
	Fee for right information	0.00	0.01	
	Subscription fee collected	0.02	0.03	
	Tender forms & Photostat charges	5.49	0.10	
	Income From Sale of Vehicle	0.03	-	
	Quarters rent	1.61	0.71	
	Rent EDII	0.89	0.81	
	KILA KOTTARAKKARA CENTRE	-	-	
	Miscellaneous Income	0.68	-	
	Tender Fee	0.01	0.47	
	Sale of Scrap	-	0.45	
	Quarters Rent	0.06	-	
	TOTAL Income	**853.07**	**673.24**	**26.71**
	EXPENDITURE			
1	**Administration Expenses**	**565.78**	**498.09**	**13.59**
	KILA HQ	-	-	
	Pay and Allowances	357.88	285.08	
	Travelling allowances	9.13	5.76	
	Advertisement expenses	3.85	2.71	
	Audit fee	2.04	0.50	
	Security service charges	16.99	15.09	
	Legal charges & Professional Charges	0.12	0.32	
	Housekeeping of SAS	5.68	3.96	
	KILA KOTTARAKKARA CENTRE	-	-	
	Salary & Allowances-Core Faculty	44.93	38.58	
	Salary & Allowances-Staff	118.62	134.40	
	Travelling Expenses-Staff	0.63	1.08	
	Subscriptions & Periodicals	0.25	0.27	
	Electricity & Water Supply Expenditure	5.39	4.39	
	Meeting & Entertainment Expense	0.12	1.59	
	Audit Fee	0.15	-	
	Office Expenses	-	4.35	
2	**Office Expenses**	**49.00**	**29.11**	**68.32**
	KILA HQ	-	-	
	Maintenance - Vehicles	4.09	4.63	
	Electricity Charges	20.26	16.52	
	GC / EC Meeting Expenses	0.17	0.13	
	Postage ,Telephone & Internet charges	9.34	7.83	
	KILA Integration Expenses	3.20	-	

Sl No	Particulars	Current year 2017-18 (Rs. in lakhs)	Previous year 2016-17 (Rs. in lakhs)	% Increase /(Decrease) compared to P.Y
	Trivandrum Regional Centre Expense	4.20	-	
	KILA AGALI CENTRE	-	-	
	Fuel Charges	0.28	-	
	Vehicle Maintenance-	0.88	-	
	Vehicle Insurance	0.36	-	
	Electricity Charges	2.86	-	
	Stationary & Printing	0.15	-	
	Telephone Charges	0.08	-	
	KILA Integration Expenses	0.60	-	
	Bed Sheet, Pillow Cover, Etc	0.84	-	
	KILA KOTTARAKKARA CENTRE	-	-	
	Postage and Courier Charge	0.12	-	
	Printing & Stationary	0.15	-	
	Telephone Charges	0.29	-	
	Advertisement Expenses	0.12	-	
	Miscellaneous Expenses	0.52	-	
	Cleaning Charges	0.16	-	
	Publication\Documentation	0.34	-	
3	**Training Expenses**	**54.18**	**41.02**	**32.08**
	KILA HQ	-	-	
	Honorarium and T.A	1.17	0.49	
	KILA Journal	0.22	1.34	
	Printing and Stationary	3.36	7.12	
	Bed Sheet, Pillow Cover, Etc.	6.20	4.75	
	Washing Charges	4.30	3.23	
	Cable Connection Expenses	1.89	1.08	
	Mess expense	2.16	5.80	
	Photo & Recreation expense	0.17	0.07	
	Vehicle charges	5.41	0.47	
	KILA KOTTARAKKARA CENTRE	-	-	
	Honorarium and T.A	3.15	2.63	
	Stationary	0.64	2.71	
	Miscellaneous	0.14	0.79	
	Internet charges	-	1.13	
	Consumables	-	6.27	
	Hostel stationary	1.01	0.49	
	Wages	3.34	1.37	
	Sponsored training expense	-	1.29	
	Rent Training Equipment	0.15	-	
	Training Materials	6.54	-	
	Cable Connection Charges CHRD	0.12	-	
	Cleaning Expense-Hostel CHRD	0.95	-	
	Mess Expenses CHRD	11.86	-	
	Washing Charges CHRD	0.65	-	
	Field Visit Expenses	0.52	-	
	Mineral Water Charges	0.21	-	
	Photo	0.02	-	
4	**Other Expenses**	**73.85**	**54.81**	**34.74**
	KILA	-	-	
	Consultancy Charges	0.64	-	
	Bank Charges	1.43	0.12	

Sl No	Particulars	Current year 2017-18 (Rs. in lakhs)	Previous year 2016-17 (Rs. in lakhs)	% Increase /(Decrease) compared to P.Y
	Building Tax & water charges	0.54	0.07	
	Membership fee & Mementos	0.52	0.23	
	Newspaper and Periodicals	4.13	1.70	
	Repairs & Maintenance	26.87	38.01	
	Purchase of Kitchen Vessels & Baby Cradle	1.78	-	
	Uniform	0.19	-	
	Accredited Agencies Expenses	0.63	-	
	Exhibition	1.02	-	
	KILA KOTTARAKKARA CENTRE	-	-	
	Fuel vehicle	6.17	6.58	
	Insurance Vehicle	1.14	0.96	
	Repair & maintenance Vehicle	2.70	2.01	
	Taxes- Vehicle	-	1.62	
	Repair & maintenance Equipment	1.56	1.71	
	Minor Repair & maintenance	1.09	0.48	
	Fuel Generator	-	0.10	
	Repair & maintenance Building	1.06	1.01	
	Garden Maintenance	0.49	-	
	Bank Charges	0.19	-	
	Legal Fee	-	0.21	
	Asset Mapping	1.13	-	
	KILA AGALI CENTRE	-	-	
	Repair & maintenance	2.03	-	
	Daily Wage	8.33	-	
	Security Service Charges	10.18	-	
	News Paper & Periodicals	0.02	-	
	Depreciation	98.02	93.26	**5.10**
	TOTAL Expenditure	**840.83**	**716.28**	**17.39**
	By Excess of Income & Expenditure (After depreciation)	**12.24**	**(43.05)**	

2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം- II) (പേജ്നം:59 -90)

തീരുമാനം :

2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും ഗവേർണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

ഐറ്റം നമ്പർ : 4

2018-19 സാമ്പത്തികവർഷത്തിലേക്കുള്ള ബഡ്ജറ്റ്എസ്റ്റിമേറ്റ്

2017-18 സാമ്പത്തിക വർഷത്തിൽ കിലയുമായി സംയോജിപ്പിച്ച സ്ഥാപനങ്ങളുടേതുൾപ്പെടെ കിലയുടെ മൊത്തമായ ബഡ്ജറ്റ് തയ്യാറാക്കി 09.08.2018 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി വിശദമായി പരിശോധിച്ച് അംഗീകാരത്തോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ കില പ്രതീക്ഷിച്ചിരുന്നതും എന്നാൽ യഥാർത്ഥത്തിൽ ലഭ്യമാക്കുന്നതുമായ ധനസഹായങ്ങൾ കണക്കിലെടുത്തുക്കൊണ്ടാണ് ബഡ്ജറ്റ് എസ്റ്റിമേറ്റിന്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രധാന ധന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കില- ഗ്രാന്റ് - ഇൻ-എയ്ഡ് (പ്ലാൻ) - 2491 ലക്ഷം രൂപയും കില - ഗ്രാന്റ് -ഇൻ-എയ്ഡ് (നോൺ പ്ലാൻ) - 43.33 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
2) കേന്ദ്രസർക്കാരിൽ നിന്നും ആർജിഎസ്എ പ്രോജക്ടിലേക്ക് 2532.55 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
3) കേന്ദ്ര സർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കര സെന്ററിലേക്ക് അനുവദിക്കുന്ന വിഹിതം
   i) കോർ ഫാക്കൽറ്റികളുടെ (5 പേർ) ശമ്പള ഇനത്തിൽ 91 ലക്ഷംരൂപയാണ് പ്രതീക്ഷിക്കുന്നത്
   ii) പരിശീലനങ്ങളുടേയും സ്ഥാപനത്തിലെ മറ്റുചെലവുകളുടേയും 50% വിഹിതമായി 145 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
   iii) സംസ്ഥാന സർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കരയിലെ മൊത്തം ചെലവിന്റെ (കോർ ഫാക്കൽറ്റികളുടെ ശമ്പളം കൂടാതെ) 50% വിഹിതമായി 145 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്

കേന്ദ്ര സർക്കാർ State Institute of Rural Development സ്ഥാപനങ്ങൾക്ക് നൽകുന്ന ധന സഹായത്തിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം ധനസഹായ തുക താഴെപ്പറയുന്ന രീതിയിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്.

1) കോർ ഫാക്കൽറ്റികൾ 7 പേർക്കുള്ള ശമ്പളത്തിന് പൂർണ്ണ ധനസഹായം
2) പരിശീലന പരിപാടികളുടെ ഭക്ഷണം, താമസം, പരിശീലന സാമഗ്രികൾ, മുതലായ വക്ക് 50% കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം
3) വൈദ്യുതി/വെള്ളം എന്നീ ചെലവിനങ്ങൾക്ക് ഒരുവർഷത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ

4) യാത്രാബത്ത,Fuel,പരിശീലനത്തോടനുബന്ധിച്ചുള്ളസന്ദർശനങ്ങൾ, വാഹനങ്ങളുടെ മെയിന്റനൻസ് എന്നിവക്കായി പരമാവധി 3.50ലക്ഷം രൂപ

5) പുസ്തകങ്ങൾ/ജേർണലുകൾ/മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവക്ക്ഒരുവർഷത്തേക്ക് പരമാവധി 0.50 ലക്ഷം രൂപ

6) ഓഫീസ്/മറ്റ് അനുബന്ധ ചെലവുകൾക്കായിഒരുവർഷത്തേക്ക് പരമാവധി 1.50ലക്ഷംരൂപ

7) നോൺ ഫാക്കൽറ്റി/സപ്പോർട്ട്സ്റ്റാഫിന്റെ ശമ്പളം/ മറ്റ് അനുബന്ധ ചെലവുകൾഎന്നിവക്കായിഒരുവർഷത്തേക്ക് പരമാവധി 18ലക്ഷംരൂപ (ഒരുമാസത്തേക്ക് പരമാവധി 1.50ലക്ഷംരൂപ)

ആയതുപ്രകാരം കൊട്ടാരക്കര സെന്ററിനുള്ള കേന്ദ്ര ധനസഹായം 2017-18 സാമ്പത്തിക വർഷത്തിൽ പരിശീലനേതര ചെലവുകൾക്കും സ്ഥാപനത്തിലെ മറ്റ് ചെലവുകൾക്കുമായി 25 ലക്ഷംരൂപ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ ആവശ്യമായ ധനസഹായം സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾക്കായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018 ആഗസ്ത് 9 -ാം തീയ്യതി ചേർന്ന എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗീകാരത്തോടും ശുപാർശയോടെയും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.(അനുബന്ധം-III) (പേജ്നം: 91 -100)

ബഡ്ജറ്റിന്റെരത്നചുരുക്കം

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	Opening Balance(A)	7035.18	6594.31	6594.31	
1	**Revenue Income(B)**				
	Grant from State Govt. Non Plan	41.27	43.33	43.33	Expected non plan grant-KILA HQ
	Recurring Grant from MoRD(25+ core faculty)	126.62	239.63	239.63	Grant for erstwhile SIRD(now KILA) - Expected 50% share of training expenses ,full

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
					salary of core faculty of (Rs. 91 lakhs) & maximum support for non teacing staff & other expenses(Rs. 25 lakhs)
	Recurring Grant from Govt of Kerala (Budget Provision)	108.66	145.00	145.00	Grant for erstwhile SIRD(now KILA)- non plan grant
	Income from Training programme	495.42	507.19	507.19	Expected income of administration charges, faculty & staff time, room rent & rent training equipmentsetc
	Other Income	27.06	17.00	17.00	Expected income from Quarters rent , rent EDII etc
	Interest from bank	54.03	56.00	56.00	
	Sub Total (B)	**853.06**	**1008.15**	**1008.15**	
	Project Income (C)	3120.35	2740.1	3000.95	
	State Plan Non Capital Income(D)	507.09	3912.26	3598.26	Grant amount rceived during May 2018 for the yerar 2017-18 (Rs. 1382.26 lakhs) & Provision for 2018-19 (Rs. 2530 lakhs)
2	**Capital Income (E)**				
	State Plan - Capital Income		1585.00	1205.00	Grant amount rceived during May 2018 for the yerar 2017-18 (Rs. 930 lakhs) & Provision for 2018-19 (Rs. 655 lakhs)
	State plan Grant		452.23	452.23	

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	refund of the amount taken back during March18				
	Capital Fund Agali	339.23			
	Corpus Fund-Deemed University	104.53	114.98	114.98	Interest on Corpus Fund Deemed University earmarked Fund for land acquisition
	Corpus Fund Interest on Deposit	23.77	26.15	26.15	Expected interest on deposits of Corpus Fund KILA
	Sub Total(E)	**467.53**	**2178.36**	**1798.36**	
	KILA Pension / General Provident Fund(F)	**53.32**	**58.65**	**58.65**	KILA Pension fund /KILA GPF
	GRAND TOTAL (A+B+C+D+E+F)	**12036.53**	**16491.83**	**16058.68**	
3	**Revenue Expenses (G)**				
	Administration & Office Expenses	614.78	852.40	852.40	
	Training & Other Expenses	128.03	155.75	155.75	
	Depreciation	98.01			
	Sub Total (G)	**840.83**	**1008.15**	**1008.15**	
4	**Project Expenses/ Central Assistance Expenses (H)**	**1840.02**	**5949.10**	**6009.95**	
5	**State Plan-Non Capital Expenses(I)**				
	Capacity Building Programmes for Strengthening	1432.00	2177.61	1763.86	Capability development programme expenses for the utilisation of Previous

					Rs(In Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	Decentralization and Local Governments in Kerala				year balance & current year allocation
	State Resource Group and Strengthening Help Desk System	277.67	454.02	404.02	utilisation of current year allocation
	Procurement of Library Books & Journals & Development of Library & Information	10.00	3.61	0	Utilisation of balance amount
	Virtual Learning System		20.00	20.00	Expenditure for Distance Learning programme ,MOOC & training without trainer etc-current year budget provision
	Area Development Programme		40.00	40.00	Expenditure for programmes - Development initiatives in the state at the local level /convergence at area levels etc -current year budget provision
	International & National Seminars and Workshops	28.8	88.98	88.98	Utilisation of balance amount & current year budget provision
	Research, Studies and Evaluation		30.00	30.00	Expenses for the research programmes in selected areas related to Local Governance &Decentralisation-current year budget provision
	Museum of Best Projects	25.00	0	0	

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	Documentation and Good Practice		25.00	25.00	Expenses for the documentation of innovative & replicable initiatives-current year budget provision
	Seminar And Workshops		150.00	120.00	Expenses for organsing workshops to receive fresh perspectives , develop new ideas etc in Local Governance &Decentralisation-current year budget provision
	Upgradation of KILA Journal of Local Governance		10.00	6.00	Expenses for the upgrading journal to an international level- current year budget
	Platform on Local Goverance/E Platform on Local Goverance / District Platform		15.00	15.00	Expenses for establishing e- platform on Local Governance -current year budget provision
	Development of Centres handed over to KILA		150.00	125.00	Provision for the major programmes for the insititional development of new centres of KILA-Current year budget
	Upgradation of Library, e-Library and Information system development		20.00	20.00	Provision for developing Library as Resource centre on Local Goverance -currrent year budget
	Faculty and Staff improvement programme		15.00	15.00	Provision for Up gradation of the knowledge & skill of faculty & staff of KILA-current year budget
	Initiating various thematic centers /chairs/hubs		70.00	70.00	Provision for establishing various Thematic Centers, Hubs, Chair etc in KILA - current year budget

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	Supplementary Demand grant	6.45	43.55	43.55	Previous year balance to be utilized during
	Sub Total (I)	**1779.92**	**3317.77**	**2786.41**	
6	**Capital Expenses – Infrastructure Development(J)**				
	Modernization of Class room & providing ramp & hand rail to Auditorium, GH & other Buildings	20.00	80.00	80.00	Expenditure for ceiling flooring, painting rewiring of electrical installation of Grama Sabha& Grama Swaraj& Providing Ramp 7 hand rails to auditorium Guesthouses 7 other building. Work has been started by KEL & expected to be completed by October'18-Utilisation of previous year allocation
	Repairs & Maintenance of Sahyadri Guest Houses-		50.00	50.00	The renovation of rooms in Sahyadri Guest House - work has been started by KEL & expected to be completed by september'18-Utilisation of previous year allocation
	Repairs & Maintenance of Guest Houses- Aravalli Guest house	20.00	80.00	80.00	The renovation of rooms in Aravally i Guest House - work has been started by KEL & expected to be completed by October 18-Utilisation of previous year allocation
	Renovation of KILA-TDNRM Agalicentre		85.00	85.00	work entrusted to TDLCS & expected to be completed by October'18-Utilisation of previous year allocation
	Repairs & maintenance of		130.00	130.00	The repair work of of 24 quarters has been

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	existing Staff Quarters				entrusted to TDLCS & expected to completed by August 2018-Utilisation of previous year allocation
	Repairs & Maintenance of existing Auditorium		300.00	300.00	The renovation work has been entrusted to TDLCS & expected to completed by September 2018-Utilisation of previous year allocation
	Renovation & Extension of existing Kitchen & up gradation of kitchen Equipment & Dining Hall		100.00	100.00	The work has been entrusted to TDLCS & expected to completed by September 2018-Utilisation of previous year allocation
	Truss Work over Admin block & SAS Building & Library Building		83.00	83.00	The work has been entrusted to TDLCS & expected to completed by September 2018-Utilisation of previous year allocation
	Installation of Lift & structural work of Lift Room	20.00	80.00	80.00	The work has been entrusted to KEL & expected to completed by September 2018-Utilisation of previous year allocation
	Master Plan preparation and Road widening in the newly acquired land		100.00	100.00	Formation of new road - work can be started after completion of land acquisition-Utilisation of previous year allocation
	Developing KILA as State University: Phase1-Construction of Departments-to be utilised for Construction of Gate & new road to KILA		100.00	100.00	Formation of new road - work can be started after completion of land acquisition-Utilisation of previous year allocation

					Rs(In Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	Repair & Maintenance of Computer, Printer, UPS System & complete online KILA (COKILA) software for office automation	18.92	71.08	61.08	cost for the maintenance of software & hardware upgradation, internet facility, leaseline and for the implemntation of COKILA software in all centres of KILA to become paperless office-Utilisation of previous year allocation
	Office Automation at KILA- TD &NRMcentre& KILA- Human resource Development Centre- Kottarakkara	0	50.00	50.00	Purchase of computers , printer etc for Kottarakkaracentre-tender process initiated-Utilisation of previous year allocation
	Renovations of Existing Computer lab	0	7.00	7.00	work entrusted to TDLCS & expected to be completed by August '18-Utilisation of previous year allocation
	Setting up of New Computer Lab	0	60.00	60.00	Purchase of computers for setting up of new computer lab with Projector, A/c etc-tender process initiated-Utilisation of previous year allocation
	Purchase of 250 KVA Generator	0	30.00	30.00	Supply Order has been given to KEL & expected to be installed by September '18-Utilisation of previous year allocation
	Additions to Fixed Assets (Purchase of furniture)	332.53	0	0	
	Water supply and Sanitation				
	Waste Water treatment plan	0	80.00	130.00	Detailed project report submitted for technical sanction & proposed to complete the process by December'18-Utilisation of

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
					previous year allocation
	Construction of new water tanks	0	0	90.00	Work entrusted to TDLCS utilization of previous year allocation
	Water purification plant	0	15.00	15.00	cost for the water purification plant--Budget provision 2018-19
	Alternate Energy Sources				
	New & Removable Energy utilization in KILA campus	13.8	130.00	116.20	Work entrusted to KEL & expected to be completed by October'18-Utilisation of previous year allocation
	Solar Power system for Guest Houses-Initial phase	27.5	22.50	22.50	Work entrusted to ANERT & expected to be completed by August '18-Utilisation of previous year allocation
	Upgradation of structure & facilities at various centres of KILA	0	100.00	100.00	Provision for the development of training infrastructure at 5 centers of KILA-Budget provision 2018-19
	Purchase of new computers & printers for KILA main campus &centres	0	10.00	10.00	Provision to purchase new computers for replacing the old version at HQ & various centers-Budget provision 2018-19
	Construction of new hostel	0	100.00	0	Phase 1 cost for the construction of new hostel building with 20,000 sqft to accommodate 200 pwersons at a time - Budget provision 2018-19
	Construction of new administrative & training building	0	10.00	0	Initial cost for the new training & administration building with 15,000 sq. feet -Budget provision 2018-19

					Rs(in Lakhs)
#	Particulars	Audited Accounts 2017-18	Budget Estimate 2018-19	Revised Budget Estimate 2018-19	Remarks
	Construction of new building for kitchen & dining hall	0	260.00	0	Provision for dining hall having facility to accommodate 1000 nos at a time -phase 1-Budget provision 2018-19
	Front gate, watchman gate, streetlight, drainage etc	0	50.00	50.00	Provision for the construction of front gate, street light etc for the proposed land to be acquired.-Budget provision 2018-19
	Acquisition of Land	0	1971.12	1971.12	Proposed to be utilized for the acquisition of 9 acres of land.
	Grant amount taken by Government of Kerala	452.23	0	0	Amount directly taken back from treasury account on 28.3.18
	Sub Total (J)	**904.98**	**4154.70**	**3900.90**	
	Excess of Income over Expenditure(**K**)	12.24	0	0	
	Closing Balance(L)	6594.31	1988.60	2353.27	
	GRAND TOTAL (G+H+I+J+K+L)	**12036.63**	**16491.83**	**16058.68**	

തീരുമാനം :

1) കില കൊട്ടാരക്കര സെന്ററിനുള്ള കേന്ദ്ര സഹായം പരിശീലനേതര ചെലവുകൾക്കും മറ്റ് ചെലവുകൾക്കുമായി 25 ലക്ഷം രൂപയായി നിജപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൻമേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകി.
2) 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുവാൻ നിർദ്ദേശിച്ചു.
    - വിശദീകരണ കുറിപ്പുകൾ തയ്യാറാക്കുക

- സ്പിൽ ഓവർ പ്രവർത്തികൾ സ്പഷ്ടമാക്കുക

3) 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് താഴെപ്പറയുന്നവ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കി 2019 ഫെബ്രുവരി- മാർച്ച് മാസത്തിൽ ഗവേർണിംഗ് കൌൺസിലിന് മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

- വരവ്- ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുക
- വിശദീകരണ കുറിപ്പുകൾ തയ്യാറാക്കുക
- സ്പിൽ ഓവർ പ്രവർത്തികൾ സ്പഷ്ടമാക്കുക

ഐറ്റം നമ്പർ : 5

ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്

കിലയുടെ മെമ്മൊറാണ്ടം ഓഫ് അസോസിയേഷനിലെ ഖണ്ഡിക 17 ൽ 1 (ii) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

- 2018 ജനുവരി മാസത്തിൽ ഓഡിറ്റേഴ്സ് പാനൽ ശേഖരിക്കുകയും ആയതിൽ നിന്നും ***M/s. SKV Associates, Chartered Accountant,*** Thrissur എന്ന സ്ഥാപനത്തെ 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് 75,000/ രൂപ ഓഡിറ്റ് ഫീ നിരക്കിൽ നിയമിക്കുവാൻ 16.01.2018 ൽ ചേർന്ന ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു. ആയത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് 05/08/2018 ൽ ഒപ്പുവെച്ച് നൽകുകയും ചെയ്തു. പ്രസ്തുത ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും ഓഡിറ്റ് റിപ്പോർട്ടും 09.08.2018 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി വിശദമായി പരിശോധിച്ച് അംഗീകാരത്തോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും ഓഡിറ്റ് റിപ്പോർട്ടും ഗവേർണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.
- 2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ***M/s. SKV Associates, Chartered Accountant,***, Thrissur എന്ന സ്ഥാപനത്തെ നിലവിലുള്ള ഓഡിറ്റ് ഫീ നിരക്കിൽ തന്നെ നിയമിക്കുന്നതിനുള്ള അനുമതിക്കായി 04.01.2019 ൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചതിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ഗവേർണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

തീരുമാനം :

2018 -19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ***M/s. SKV Associates, Chartered Accountant,***, Thrissur എന്ന സ്ഥാപനത്തെ നിലവിലുള്ള 75,000/- രൂപ ഓഡിറ്റ് ഫീ നിരക്കിൽ നിയമിക്കുവാൻ തീരുമാനിച്ചു.

ഐറ്റം നമ്പർ : 6

കിലയുടെ പുതിയസ്റ്റാഫ് പാറ്റേൺ സംബന്ധിച്ച്

കില ജീവനക്കാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുക്കൊണ്ടും നിലവിലുള്ള ജീവനക്കാരെ നില നിർത്തിക്കൊണ്ടും Centre for Management Development (CMD) യുടെ കരട് റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അന്തിമറിപ്പോർട്ട് ലഭ്യമാക്കുവാൻ CMD ക്ക് നിർദ്ദേശിക്കുവാനും അന്തിമറിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാനും 16/01/2017 ലെ ഗവേർണിംഗ് കൌൺസിൽ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ "Organization re- structuring of KILA" റിപ്പോർട്ടിലെ 3 - ാം അദ്ധ്യായത്തിലെ കിലയുടെ പുതിയ സ്റ്റാഫ് പാറ്റേണിലെ പ്രസക്തഭാഗം ആവശ്യമായ മാറ്റം

വരുത്തിക്കൊണ്ട് Centre for Management Development (CMD) തയ്യാറാക്കി നൽകിയത് 04.01.2019 ലെ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചത് അംഗീകാരം പ്രതീക്ഷിച്ച്കൊണ്ട് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി ആയി സമർപ്പിക്കുന്നു. (**അനുബന്ധം VI**, പേജ് **134** മുതൽ **140** ഉൾക്കൊള്ളിച്ചിട്ടുണ്ട്)

തീരുമാനം :

(1) കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുകയും സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനും തീരുമാനിച്ചു.

(2) ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുവാനും പുതിയ തസ്തികകളുടെ അംഗീകാരം ലഭ്യമാകുന്ന മുറക്ക് സ്ഥിര നിയമനം നടത്തുന്നതിനായുള്ള നടപടി എടുക്കുവാൻ തീരുമാനിച്ചു.

ഐറ്റം നമ്പർ : 7
2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പരിപാടികളുടെ രത്നച്ചുരുക്കം

1. KILA Headquarters

Sl. No	Items	No.of Programmes	No. of Batches	No.of Participants	No.of Person days
1.	Trainings	80	1884	112318	144130
2.	Workshops	79	260	8192	9091
3.	Training of Trainers	15	37	2756	4277
4.	Exposure Visit	2	18	261	881
5.	National & International Conferences	3	3	262	996
6.	Other Programmes	5	6	274	418
	Grand Total	**184**	**2208**	**124063**	**159793**

2. KILA Centre for Socio -Economic Development

Sl. No	Items	No.of Programmes	No. of Batches	No.of Participants	No.of Person days
1.	Trainings	18	58	3102	247721

3. KILA Centre for Good Governance

Sl. No	Items	No.of Programmes	No. of Batches	No.of Participants	No.of Person days
1.	Trainings	17	29	1161	83307

4. KILA Centre for Organic Farming & Waste Management

Sl. No	Items	No.of Programmes	No. of Batches	No.of Participants	No.of Person days
1.	Trainings	37	51	3491	31965

5. KILA CHRD KOTTARAKKARA

Sl No		No of Programmes Conducted	Participants Attended
1	RD & PR	59	2038
2	NIRD & PR & NSID	11	539
3	Computer Application - RGSA	19	275
4	Rurban Mission	12	181
5	Public Health - Ardhram Mission	5	307
6	Virtual Class Room- RGSA	4	102
7	Leadership and Gender Sensitization-	4	129
8	SAKARMA Training - RGSA	35	1510
9	Audit & File Management Trg - RGSA	11	245
10	ISO Certification	1	37
11	SAKSHAM' (DTRT & BTRT)	16	693
12	Workshops	5	207
13	SAGY	1	39
14	RGSA	4	151
	Total I	187	6453
Off Campus			
1	Gender Sensitization-RGSA	3	187
2	Rurban Mission	21	1122
3	ISO Certification	2	63
4	Virtual Class Room- TRG	3	1703
5	MGNREGS- AMC Training	13	1352
6	MGNREGS- Mates Training	523	29769
7	MGNREGS- Geo Tagging	18	677
8	SAKSHAM'	32	1208
	Total II	615	36081
	TOTAL(I+II)	**802**	**42534**

GRAND TOTAL (1+2+3+4+5) - No. of Participants – 171209 & Total Mandays – 607854

പരിശീലന പരിപാടിയുടെ വിശദമായ വിവരങ്ങൾ അനുബന്ധം IV (പേജ്നം:**101 - 124**)പ്രകാരം സമർപ്പിക്കുന്നു.

തീരുമാനം :
പ്രവർത്തന റിപ്പോർട്ട് വിശദമായി വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തു.

ഐറ്റം നമ്പർ : 8
റിപ്പോർട്ടിംഗ്

എ) 2018-19 സാമ്പത്തിക വർഷത്തിലെ നിയമനങ്ങൾ സംബന്ധിച്ച്

കിലയിലെ വിവിധ തസ്തികളിലേക്കുള്ള നിയമനം സംബന്ധിച്ച എക്സിക്യൂട്ടീവ് തീരുമാനങ്ങളും ആയതിന്റെ നടപടിക്രമങ്ങളും വിശദാംശങ്ങളും ജനറൽ കൌൺസിൽ മുമ്പാകെ അറിവിലേക്കും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.

ക്രമ നമ്പർ	തസ്തിക/ നിയമന രീതി	തസ്തികയിലേക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത	റിമാർക്സ്
1.	സ്ഥിരം തസ്തിക -അസിസ്റ്റന്റ് ലൈബ്രേറിയൻ • Scale of Pay: 13900-24040 (pre-revised)	• Qualifications: Bachelor's Degree with degree in Library Science. • Desirable: Experience in a leading Library.	29/08/2017 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം പ്രസ്തുത തസ്തികയിലേക്ക് പത്രപരസ്യം വഴി അപേക്ഷകൾ ലഭിച്ചതിൽ CMD പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രകാരം ഇന്റർവ്യൂ നടത്തി ശ്രീമതി. മഞ്ജു. ഒ എന്നവരെ തെരഞ്ഞെടുത്തു. 19/09/2018 ൽ ജോലിയിൽ പ്രവേശിച്ചു.
2.	ഫാക്കൽറ്റി , വുമെൻ & ചൈൽഡ് ഡെവലപ്പ്മെന്റ് *കരാറടിസ്ഥാനത്തിൽ നിയമനം* (മാസ വേതനം – 41,,475/- രൂപ)	Essential PG in Women Studies/Gender & Development/similar Courses Desriable: PhD in related areas, Publication in accredted journals, experience in the related fields	30/04/2018 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം യോഗ്യത നിശ്ചയിച്ചതനുസരിച്ച് പത്രപരസ്യം വഴി 17 അപേക്ഷകൾ ലഭിച്ചതിൽ ഇന്റർവ്യൂ നടത്തി ശ്രീമതി. വിനീത എം. നെ തെരഞ്ഞെടുത്തു. 21/11/2018 ൽ ജോലിയിൽ പ്രവേശിച്ചു.
3.	ഫാക്കൽറ്റി ഇൻ ഇൻഫർമേഷൻ ടെക്നോളജി *കരാറടിസ്ഥാനത്തിൽ നിയമനം* (മാസ വേതനം – 41,,475/- രൂപ)	Essential: BTech in Electronins and Communication /IT /Computer Sicence/MCA (Regular Course) after Graduation in Maths / Science with Mathemetics as one subject	30/04/2018 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം യോഗ്യത നിശ്ചയിച്ചതനുസരിച്ച് പത്രപരസ്യം വഴി 781 അപേക്ഷകൾ ലഭിച്ചതിൽ 146 എണ്ണം ഷോർട്ട് ലിസ്റ്റ് ചെയ്ത് ഓൺലൈൻ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നൽകുന്നതിന് എൽ. ബി.എസ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
4.	ഫിനാൻസ് അസിസ്റ്റന്റ് *കരാറടിസ്ഥാനത്തിൽ നിയമനം* (മാസ വേതനം – 35,000/ രൂപ)	എം.കോം ഫസ്റ്റ് ക്ലാസ്, സി.എ/സിഎംഎ ഇന്റർമീഡിയറ്റ്, കമ്പ്യൂട്ടർ പരിജ്ഞാനം, മൂന്ന വർഷത്തെ പ്രവർത്തി പരിചയം	09/08/2018 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം യോഗ്യത നിശ്ചയിച്ച് പ്രസ്തുത തസ്തികയിലേക്ക് പത്രപരസ്യം വഴി 239 അപേക്ഷകൾ ലഭിച്ചതിൽ 161 എണ്ണം ഷോർട്ട് ലിസ്റ്റ് ചെയ്ത് Institute of Cost Accountants of India, Thrissur Chapter നെ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നൽകുന്നതിന് ചുമതലപ്പെടുത്തിയത് പ്രകാരം 26/06/2018 ന് ഓൺലൈൻ പരീക്ഷ

ക്രമ നമ്പർ	തസ്തിക/ നിയമന രീതി	തസ്തികയിലേക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത	റിമാർക്സ്
			നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. 2019 ജനുവരിയിൽ തന്നെ ഇന്റർവ്യൂ നടത്തി നടപടി പൂർത്തീകരിക്കുന്നതാണ്.
5.	റിസർച്ച് അസോസിയേറ്റ് *കരാറടിസ്ഥാനത്തിൽ നിയമനം*(മാസ വേതനം – 40,000/ രൂപ)	മാത്തമറ്റിക്സ് /സ്റ്റാറ്റിസ്റ്റിക്സ് ഫസ്റ്റ് ക്ലാസ് ബിരുദാനന്തര ബിരുദം, സ്റ്റാറ്റിസ്റ്റിക്കൽ പാക്കേജിൽ പ്രവർത്തി പരിചയം/സ്റ്റാറ്റിസ്റ്റിക്കൽ സോഫ്റ്റ് വെയർ, ഡാറ്റാ പ്രോസസിംഗിലുള്ള പ്രവർത്തി പരിചയം	24/10/2018 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം പത്ര പരസ്യം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 27 അപേക്ഷകൾ ലഭിക്കുകയും ആയതിന് ഓൺലൈൻ പരീക്ഷ 2019 ജനുവരി രണ്ടാമത്തെ ആഴ്ചയിൽ നടത്തുന്നതിന് തൃശ്ശൂരിലെ ജോൺ മത്തായി സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രകാരം ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നതാണ്
6.	സ്ഥിരം തസ്തിക - അസിസ്റ്റൻറ് പ്രൊഫസർ (ഡോ. എബി ജോർജ്ജ് സോഷ്യൽ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന കാലയളവിൽ ഉണ്ടായ ഒഴിവ്) കരാറടിസ്ഥാനത്തിൽ നിയമനം Scale of Pay: 15600-39100 + AGP 6000 (UGC equivalent scale)	First class or High Second class post graduate degree in Political Science /Public Administration / Rural Development / Gandhian Studies / Social Work / Law. •Knowledge of Malayalam. •Ph.D in relevant discipline • Desirable: •Experience as a Trainer for local body functionaries •Publications in the relevant discipline. •Working knowledge in Computer	29/08/2017 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം പത്ര പരസ്യം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 27 അപേക്ഷകൾ ലഭിക്കുകയും ആയതിന് ഓൺലൈൻ പരീക്ഷ 2019 ജനുവരി രണ്ടാമത്തെ ആഴ്ചയിൽ നടത്തുന്നതിന് തൃശ്ശൂരിലെ ജോൺ മത്തായി സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രകാരം ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നതാണ്.

ബി) 2018-19 സാമ്പത്തിക വർഷത്തിൽ കില നടപ്പിലാക്കി വരുന്ന പരിപാടികളുടെ രത്നച്ചുരുക്കം

I. കാര്യശേഷി വികസനം (പരിശീലനം) പരിശീലന പരിപാടിയുടെ വിശദമായ വിവരങ്ങൾ **അനുബന്ധം V (Page 125-133)** പ്രകാരം സമർപ്പിക്കുന്നു

1) **വികേന്ദ്രീകൃതാസൂത്രണം, തദ്ദേശഭരണം എന്നിവയിൽ ശ്രേഷ്ഠ സ്ഥാപനം (Centre of Excellence)** :തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്രേഷ്ഠസ്ഥാപനമാക്കുന്നതിൻറെ ഭാഗമായി SIRD കൊട്ടാരക്കര, AHADS-CCPRM എന്നിവ കിലയിൽ ലയിപ്പിക്കുകയും കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവടങ്ങളിലെ ETC സെൻററുകളെ കിലയുടെ ഭാഗമാക്കി പുനർനാമകരണം ചെയ്തത് ഉത്തരവായതിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

1) KILA Tribal Development & Natural Resource Management Centre (KILA TD&NRM Centre), Agali, Palakkad
2) KILA Human Resource Development Centre (KILA HRD Centre), Kottarakkara, Kollam
3) KILA- Centre for Organic and Waste Management, Thaliparamba, Kannur
4) KILA- Centre for Socio-Economic Development, Kottarakkara, Kollam
5) KILA-Centre for Good Governance, Mannuthy, Thrissur

കിലയുടെ റീജണൽ സെന്റർ, തിരുവനന്തപുരം ജില്ലയിലെ കുമാരപുരത്ത് 2017 സെപ്തംബർ മുതൽ ആരംഭിച്ചു. സർക്കാരിന്റെ വിവിധ മിഷനുകളുടെ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം മുതലായ കാര്യപരിപാടികൾ ഈ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന് വരുന്നു.

2) **പ്രത്യേക വിഷയ മേഖലാ കേന്ദ്രങ്ങൾ**

തദ്ദേശഭരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയ മേഖലകൾക്കായി കേന്ദ്രങ്ങൾ (Knowledge Hubs) ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു. ദേശീയ/അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചുക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ രത്നചുരുക്കം ചുവടെ ചേർക്കുന്നു.

സെന്റർ ഫോർ എസ്.ഡി.ജി.(SDGs) ആന്റ് ലോക്കൽ ഗവേണൻസ് 2017 ഒക്ടോബർ മാസം മുതൽ കേന്ദ്രം ആരംഭിക്കുന്നതിനായി നാഷണൽ ഫൗണ്ടേഷൻ ഓഫ് ഇന്ത്യ (NFI) എന്ന സ്ഥാപനവുമായി കരാർ ഒപ്പുവെച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കേരള സംസ്ഥാന ആസൂത്രണ ബോർഡ്, CPMU ചേർന്ന് ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, ജൈ വൈവിധ്യ കേന്ദ്രം – 2017 നവംബർ മാസത്തിൽ പ്രവർത്തനമാരംഭിച്ച ഈ കേന്ദ്രത്തിൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റേയും ജൈവവൈവിധ്യ ബോർഡിന്റേയും സഹകരണത്തോടെ തുടർച്ചയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം രൂക്ഷമായി അനുഭവപ്പെടുന്ന ഇടുക്കി, വയനാട്, പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിലാണ്. ഈ 'ഹോട്ട്സ്പോട്ട്' ജില്ലകളിലെ കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതി, ജൈവവൈവിധ്യം എന്നിവയിൽ ഉണ്ടാകാനിടയുള്ള ആഘാതം പരമാവധി കുറക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയെന്ന ഉദ്ദേശ ലക്ഷ്യത്തോടെയുള്ള പരിശീലനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു .

ഇന്നവേഷൻ ആന്റ് ഇൻക്യൂബേഷൻ ഹബ്ബ് ഫോർ ലോക്കൽ ഗവൺമെന്റ്സ് –പുതിയ ആശയങ്ങൾ വളർത്തിയെടുക്കുന്നതിനും ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനുമുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനായുള്ള കേന്ദ്രമാണിത് .

ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് - നയരൂപീകരണം, പദ്ധതി നിർവ്വഹണം, മൂല്യ നിർണ്ണയം തുടങ്ങിയ പ്രവർത്തനത്തിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുകയും അതുവഴി ലിംഗ നീതി ഉറപ്പാക്കുന്നതിനായി പ്രസ്തുത കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ് - ഭരണകാര്യ നിർവ്വഹണവും നിയമവ്യവഹാരനടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമ വ്യവസ്ഥാപനവും പഠനങ്ങളും സംഘടിപ്പിക്കുന്നതിനാണ് ഈ കേന്ദ്രം വഴിയായി ലക്ഷ്യമിടുന്നത്. ഇതിനായുള്ള പ്രാരംഭശില്പശാലകൾ നടന്നു.

3) പരിശീലന പരിപാടിയിൽ നിന്നും കാര്യശേഷി വികസനത്തിലേക്ക്

ഫലപ്രാപ്തി ലക്ഷ്യമിട്ടിട്ടുള്ള പരിശീലനത്തിനും കേവലം അറിവ് മാത്രം പകരുന്നതിന് പകരം ഘട്ടംഘട്ടമായി കാര്യശേഷി വികസിപ്പിക്കുന്നതിലും കൂടുതൽ പേരെ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നതുമായ തീവ്ര പരിശീലന പരിപാടിക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. (കണക്കുകൾ പ്രത്യേക പട്ടികയായി ചേർത്തിട്ടുണ്ട്)

- **ഇൻഡക്ഷൻ ആന്റ് ഇൻസർവ്വീസ് പരിശീലനം** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി നടത്തിവരുന്നു.
- **ബാല സൗഹൃദ തദ്ദേശ സ്ഥാപനങ്ങൾ-** ബാലസൌഹൃദ ജില്ലകൾ, ബ്ലോക്കുകൾ, ഗ്രാമങ്ങൾ എന്നിവയാക്കി മാറ്റുന്നതിനായുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നു. ബാലസൗഹൃദ തദ്ദേശഭരണത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.
- **ഡിസ്ട്രിക്ട് പ്ലാൻ ഓഫ് ആക്ഷൻ ഫോർ ചൈൽഡ് (DPAC)** -തൃശൂർ ജില്ലയിൽ പൂർത്തീകരിച്ചു. മറ്റുള്ളവയിൽ ആരംഭിച്ചുവരുന്നു.
- **വെർചൽ പഠന സമ്പ്രദായം :** SATCOM അഥവാ ഐ.പി അടിസ്ഥാന സാങ്കേതിക വിദ്യ, MOOC അഥവാ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ, പരിശീലകരില്ലാത്ത പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും:** പ്രത്യേക പരിശീലന പരിപാടികൾ ആരംഭിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു.
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും** - വിവിധ പഞ്ചായത്തുകളിൽ കോസ്റ്റൽ ആക്ഷൻ പ്ലാനും പ്രാദേശിക കാലാവസ്ഥ ആക്ഷൻ പ്ലാനും തയ്യാറാക്കി വരുന്നു.
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും** - വിവിധ പഞ്ചായത്തുകളിൽ ഹീറ്റ് ആക്ഷൻ പ്ലാൻ, കാര്യശേഷി വികസന പരിപാടി കില സംഘടിപ്പിച്ച് വരുന്നു.
- **മാനേജ്മെന്റ് ഡവലപ്പ്മെന്റ് പരിശീലനം:** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികളുടേയും കാര്യശേഷി വികസനത്തിനായി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം ആവിഷ്കരിക്കുന്നു.സോഫ്റ്റ് സ്കിൽ അധിഷ്ഠിതമായ പരിശീലനം ആണ് വിഭാവനം ചെയ്യുന്നത്.
- **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി:** പുതിയ കേരളം സൃഷ്ടിക്കുന്നതിന് വിവിധ മേഖലകളിൽ പ്രവൃത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും, സന്നദ്ധ പ്രവർത്തകർക്കും ക്ലബ്ബുകൾ, വായനാശലകൾ, മഹിളാ സമാജങ്ങൾ, സാക്ഷരതാ മിഷൻ പ്രവർത്തകർ, സീനിയർ സിറ്റിസൺ എന്നീ രംഗങ്ങളിൽ ഉള്ളവർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചുവരുന്നു.

- **ബാല സൌഹൃദ ഡിപ്ലോമ കോഴ്സ്** : കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് 6 മാസത്തെ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.
- **മലയാളം സോഫ്റ്റ് വെയറിൽ പരിശീലനം:** കിലയുടെ അഗളി കേന്ദ്രത്തിൽ അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി മലയാളം സോഫ്റ്റ് വെയറിൽ പരിശീലനം നടത്തിവരുന്നു.
- **പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ്:** മഹാത്മാഗാന്ധി സർവ്വകലാശാലയുമായി സഹകരിച്ച് മൂന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.
- നഗരസഭകളിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനത്തിനായുള്ള പരിശീലനം നടപ്പിലാക്കി വരുന്നു.
- സ്വച്ഛ് ഭാരത് മിഷൻ - അർബൻ (SBM(U) –പരിശീലനം നടപ്പിലാക്കി വരുന്നു.
- സേവനത്തിനുള്ള അവകാശം (Right to Service) – വിവിധ തലത്തിലുള്ള സമഗ്രമായ പരിശീലന പരിപാടികൾ നടത്തി വരുന്നു.
- കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണവും ചട്ടങ്ങളും - പരിശീലനം നടപ്പിലാക്കി വരുന്നു.
- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) - പരിശീലനം സംഘടിപ്പിച്ചു.
- SCSCP/TSP - പരിശീലനം സംഘടിപ്പിച്ചു.
- പ്രാദേശിക ഭരണ സംവിധാനം സംബന്ധിച്ച പരിശീലനം നടപ്പിലാക്കി വരുന്നു.
- വയോജന സൌഹൃദ ഭരണ സംവിധാനം സംബന്ധിച്ച പരിശീലനം നടപ്പിലാക്കി വരുന്നു.
- ഭിന്നശേഷി സൌഹൃദ ഭരണ സംവിധാനം സംബന്ധിച്ച പരിശീലനം നടപ്പിലാക്കി വരുന്നു.
- നവകേരളത്തിനായി ജനകീയാസൂത്രണം – നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്കായുള്ള പരിശീലന പരിപാടി നടപ്പിലാക്കി.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച പരിശീലനം നടപ്പിലാക്കി വരുന്നു.

പ്രത്യേക പരിപാടികൾ

- **പ്രാദേശിക പഠന ഗവേഷണ പ്രവർത്തനങ്ങൾ** : കേരളത്തിലെ പ്രാദേശിക സർക്കാരുകളിൽ നടന്ന് വരുന്ന അനുകരണീയവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ പഠിക്കുകയും മറ്റു സ്ഥാപനങ്ങൾക്കും പകർന്ന് നൽകാൻ കഴിയുകയും ചെയ്യുന്ന തരത്തിൽ അവ രേഖപ്പെടുത്തി മാതൃകയാക്കുന്ന പുതിയ പരിപാടികൾ കില ആരംഭം കുറിച്ചു.
- **പ്രാദേശികാസൂത്രണത്തിൽ വിദഗ്ധരെ വാർത്തെടുക്കലും ഉപയോഗപ്പെടുത്തലും** : വിവിധ വികസന മേഖലകളിലെ പ്രാദേശിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവക്ക് ശാശ്വതവും ശാസ്ത്രീയവുമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്ന വിദഗ്ധരുടെ ശൃംഖല സൃഷ്ടിച്ചിട്ടുണ്ട്.
- **ഹരിത കർമ്മ സേന:** മാലിന്യ പരിപാലന രംഗത്ത് പ്രവർത്തിച്ചുവരുന്ന ഹരിത കർമ്മ സേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ, സംസ്കരണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ വിശദമാക്കുന്ന പരിശീലന പരിപാടികൾക്ക് കില നേതൃത്വം നൽകുന്നു.
- **സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മപദ്ധതിയുമായുള്ള സഹകരണം** : നവകേരള കർമ്മപദ്ധതിക്ക് കീഴിലുള്ള വിവിധ മിഷനുകളായ ലൈഫ്, ആർദ്രം, സമഗ്ര വിദ്യാഭ്യാസ പരിപാടി, ഹരിത കേരളം എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിനായി കാര്യശേഷി വികസന പരിപാടികൾ കില ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.
- **ഐ.എസ്.ഒ സർട്ടിഫിക്കേഷൻ:** സമ്പൂർണ്ണ ഗുണമേന്മാ പരിപാലനത്തിലൂടെ ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ നേടുന്നതിന് ഗ്രാമ പഞ്ചായത്തുകളെ സഹായിക്കുന്നതിനായി

സേവനം നൽകി വരുന്നു. ഈ വർഷം 700 ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ആയി പ്രാപ്തരാക്കുന്നതാണ്.

4) വിവിധ ദേശീയ-അന്തർദേശീയ പരിപാടികൾ:

- **മംഗോളിയ:** മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബത്താറിന് (Ulaanbaatar) ആവശ്യമായ പരിശീലന സംവിധാനം തയ്യാറാക്കുവാൻ കിലയുടെ സഹായം അഭ്യർത്ഥിച്ചത് പ്രകാരം കില പ്രതിനിധി അവിടെ സന്ദർശിക്കുകയും തുടർന്ന് മംഗോളിയൻ പ്രതിനിധി സംഘം കേരളത്തിലെത്തി പരിശീലന സംവിധാനം രൂപകല്പന ചെയ്യുകയും ചെയ്തു. .
- **ശ്രീലങ്ക:** ശ്രീലങ്കൻ പ്രാദേശിക സർക്കാരിലെ വിവിധതല സംവിധാനങ്ങൾക്കായി കില പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ശ്രീലങ്കയിലെ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. ഫൈസൽ മുസ്തഫയും സംഘവും കില സന്ദർശിച്ചു.
- **ഭൂട്ടാൻ :** ഭൂട്ടാൻ സർക്കാരിന്റെ പ്രതിനിധികൾക്കുള്ള പരിശീലനം കില സംഘടിപ്പിക്കുന്നു.
- **ബംഗ്ലാദേശ്:** ബംഗ്ലാദേശിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായുള്ള പരിശീലനത്തിന് കില നേതൃത്വം നൽകുന്നു.
- **ദേശീയ കോൺഫറൻസ്:**
  - ✓ ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികൾ വന്നിട്ട് 25 വർഷം പിന്നിട്ട സന്ദർഭത്തിൽ 'പഞ്ചായത്തീ രാജ് - കാൽ നൂറ്റാണ്ട്' എന്ന ശീർഷകത്തിൽ ഒരു ദേശീയ സമ്മേളനം 2018 ഏപ്രിൽ 24-25 തീയതികളിലായി തിരുവനന്തപുരത്ത് വെച്ച് കില നടത്തുകയുണ്ടായി.
  - ✓ ഗുജറാത്തിലെ സേതു അഭിയാനുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (പിഡിപിജി): "വെല്ലുവിളികളും സാധ്യതകളും" എന്ന വിഷയത്തെ അധികരിച്ച് 2018 ഡിസംബർ 21,22 തീയതികളിലായി രണ്ടുദിവസത്തെ ദക്ഷിണേന്ത്യാ തലത്തിലുള്ള ശില്പശാല സംഘടിപ്പിച്ചു.പരിശീലന വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർസ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പങ്കുവെക്കുക, അനുഭവങ്ങൾ മെച്ചപ്പെടുത്തുക, പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ കണ്ടെത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.
  - ✓ സുസ്ഥിര വികസന ലക്ഷ്യങ്ങൾ : ഇതുമായി ബന്ധപ്പെട്ട ശില്പശാല 2018 മാർച്ച് 5, 6 തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി.
  - ✓ മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്ത് രാജും: : ഇതുമായി ബന്ധപ്പെട്ട ശില്പശാല 2018 ഡിസംബർ 7 ന് സംഘടിപ്പിക്കുകയുണ്ടായി

5) സുസ്ഥിര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള മേഖലാ പരിപാടികൾ

- **തളിപറമ്പ് - സമൃദ്ധി** - നീർത്തടാധിഷ്ഠിത വികസനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ മേഖലകളിൽ കാര്യശേഷി വികസന പരിപാടികൾ സംഘടിപ്പിക്കുന്നു. മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയെ അവയുടെ സമഗ്രതയിൽ സംയോജിപ്പിച്ചുകൊണ്ട് എല്ലാ ജനവിഭാഗങ്ങളുടേയും ജീവിത നിലവാരം ക്രമാനുസൃതമായി മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ തളിപറമ്പ നിയോജക മണ്ഡലത്തിൽ **സമൃദ്ധി** എന്ന പദ്ധതി ആരംഭിച്ചിരിക്കുകയാണ്. അതിനുള്ള കാര്യശേഷി വികസന സഹായം കില നൽകുന്നു. അത്യന്തികമായി സുസ്ഥിര ജീവനോപാധി എന്ന കാഴ്ച്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്.
- **കാട്ടാക്കട ഒപ്പം** - സ്ത്രീ സൗഹൃദ നിയോജക മണ്ഡലമാക്കി മാറ്റുന്നതിനുള്ള ബൃഹത്തായ കാര്യശേഷി വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിൽ കില സഹായിക്കുന്നു. സ്ത്രീ- പുരുഷ അസമത്വം പരമാവധി ഇല്ലാതാക്കി സ്ത്രീ നിതിയിലധി

ഷ്ഠിതമായ വികസന നയം തയ്യാറാക്കി നടപ്പാക്കുന്നതിനാണ് 'ഒപ്പം' എന്ന പേരിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

- **കല്പറ്റ പച്ചപ്പ്** - കിലയുടെ സഹകരണത്തോടെ കർഷക ആദിവാസി സൌഹൃദ ഹരിത മണ്ഡലമാക്കുന്നതിന് ലക്ഷ്യമിടുന്ന സമഗ്ര പരിപാടിയാണ് 'പച്ചപ്പ്' എന്ന പദ്ധതി. കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജലസംരക്ഷണം, തൊഴിൽ നൈപുണ്യ പരിശീലനം, തൊഴിൽശാലകളുടെ സ്ഥാപനവും തുടങ്ങിയ നിരവധി പദ്ധതികളും ഉൾപ്പെടുത്തി കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു.
- **കാൻ ആലപ്പി (CANALAPY)** – ആലപ്പുഴ നഗരത്തിലെ ഖര ജല മാലിന്യ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവക്ക് പരിഹാരം കണ്ടെത്തുന്നതിനും കനാലുകളുടെ പുനരുജ്ജീവനവും സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് ഐ.ഐ.ടി മുംബൈയും കിലയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്
- **ധർമ്മടം** - തരിശു രഹിത മണ്ഡലം, സ്ത്രീ സൗഹൃദ മണ്ഡലം,വയോജന സൗഹൃദ മണ്ഡലം, സമഗ്ര ആരോഗ്യ മണ്ഡലം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ മേഖലയിൽ പദ്ധതികൾ രൂപീകരിച്ച് കൊണ്ട് ഓരോ തലത്തിലും സർക്കാരുകൾ ഇടപെടുന്നതിനുള്ള ഒരു സമഗ്ര പദ്ധതി രൂപപ്പെടുത്തി വരുന്നു.
- **ബ്ലൂ ആർമി, തൃശ്ശൂർ** : ജലരക്ഷ ജീവരക്ഷ എന്ന സംയോജിത പ്രോജക്ട് ജില്ലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ഉറപ്പ് വരുത്തുക വഴി ജലസാക്ഷരത വിദ്യാർത്ഥികളിൽ ഊട്ടിയുറപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടി ജില്ലാ ആസൂത്രണ സമിതിയുടെയും കിലയുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്നു.
- **മുന്നോട്ട് പരിശീലന പരിപാടി** : അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികളുടെ വ്യക്തി ശുചിത്വവും വ്യക്തിഗത വികസനവും അക്കാദമിക് മികവും ഉയർത്തുന്നതിനായുള്ള പരിപാടി കിലയുടെ അഗളി കേന്ദ്രത്തിൽ പരിശീലനം നടന്ന് വരുന്നു.
- **പ്രോജക്ട് ഷൈൻ** : കിലയുടെ അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ചു വരുന്ന 'പ്രൊജക്ട് ഷൈൻ' അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽപെട്ട അഞ്ചാംതരത്തിൽ പഠിക്കുന്ന വിദ്യാർഥികളെ ഉന്നത വിദ്യാഭ്യാസത്തിനുള്ള മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം കഴിഞ്ഞ വർഷം മുതൽ കില ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.
- **വടക്കാഞ്ചേരി പുഴ സംരക്ഷണം** : തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കില പങ്കാളിയാവുന്നു.
- **നമ്മൾ മുന്നോട്ട് (തോളൂർ)** : തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ മാതൃകാ പദ്ധതിയാണ് നമ്മൾ മുന്നോട്ട്. ജനപങ്കാളിത്തത്തിലധിഷ്ഠിതമായ സുതാര്യം സുസ്ഥിരവും സമഗ്രവും ഗുണമേന്മയേറിയതും വേഗതയേറിയതുമായ വികസന മുന്നേറ്റം സൃഷ്ടിക്കുവാൻ ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കില പങ്കാളിയാവുന്നു.
- **സുസ്ഥിര വ്യവസായ വാണിജ്യ ഗ്രാമം** : തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ തെക്കുകര ഗ്രാമപഞ്ചായത്തിലെ തൊഴിൽ ആവശ്യമുള്ള എല്ലാവർക്കും സ്വയം തൊഴിലും സാമ്പത്തിക ഭദ്രതയും പദ്ധതി ലക്ഷ്യം വെക്കുന്നു. ഗ്രാമപഞ്ചയത്തിന്റെയും വ്യവസായ വകുപ്പിന്റെയും നേതൃത്വത്തിൽ കേന്ദ്ര സംസ്ഥാനപദ്ധതികളുടെ സംയോജനത്തിലൂടെ ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് . ഇതിന് ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, സെമിനാറുകൾ വിദഗ്ധരുടെ സേവനങ്ങൾ എന്നിവയ്ക്കാവശ്യമായ പിന്തുണ സംവിധാനങ്ങൾ കില നൽകി വരുന്നു.

- **ചെറുപുഴ സംരക്ഷണ പദ്ധതി(പുഴക്കാട്ടിരി):** മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ചെറുപുഴ സംരക്ഷണ പദ്ധതി. ഹരിത കേരള മിഷന്റെ പദ്ധതിയുടെ ഭാഗമായുള്ള ഈ പുഴ സംരക്ഷണ പദ്ധതിയോടനുബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനങ്ങൾ ശില്പശാലകൾ, സെമിനാറുകൾ വിദഗ്ധരുടെ സേവനങ്ങൾ എന്നിവ കില നൽകി വരുന്നു.

6) **പ്രോജക്ടുകൾ**

i. RGSA : കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA) പദ്ധതിയിൽ 3842.97 ലക്ഷം രൂപയാണ് 2018-19 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി കോർഡിനേറ്റർമാരെ നിയോഗിക്കുന്നതിനായി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീപെരുമ്പത്തൂർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ എന്നീ ക്യാമ്പസുകളിൽ നിന്നും തെരഞ്ഞെടുത്ത 12 പേരെ കോർഡിനേറ്റർമാരായി 25000/- രൂപ പ്രതിമാസ വേതന നിരക്കിൽ നിയമിച്ച നടപടി കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ii. UNDP: "ഇന്ത്യ ഹൈറേഞ്ച് മൌണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ട്, പശ്ചിമഘട്ടത്തിലെ ഹൈറേഞ്ചുകളിലെ മലനിരകളിലെ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു മാനേജ്മെന്റ് ഫ്രെയിം വർക്ക് (പരിപാലന സംവിധാനം) തയ്യാറാക്കൽ" എന്ന പദ്ധതിയുടെ നടത്തിപ്പിനായി രണ്ട് പ്രാരംഭ പഠനങ്ങൾ നടത്തുന്നതിനുള്ള കരാർ ഒപ്പുവെച്ചു. പ്രാദേശിക സർക്കാരുകളെ ജൈവവൈവിധ്യ സംരക്ഷണം അവരുടെ മുഖ്യ അജണ്ടയാക്കുന്നതിനും പദ്ധതി ആസൂത്രണം മുതൽ നിർവ്വഹണം വരെ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകുന്നതിനും അവരെ പ്രാപാതരാക്കുന്നതിനും ഈ പദ്ധതി സഹായിക്കുന്നതാണ്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ-സാമ്പത്തിക പാരിസ്ഥിതിക പഠനം രണ്ടാമത്തെ ഗവേഷണ വിഷയമായി കരാർ ഒപ്പുവെച്ചിട്ടുണ്ട്. ആകെ 5128200 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രവർത്തന മേഖല അടിമാലി, കോതമംഗലം, ചാലക്കുടി എന്നീ ബ്ലോക്കുകളിലായി 2198.78 ച.കി വിസ്തൃതിയിലുള്ള പ്രദേശമാണ്.

iii. FAO : ഐക്യരാഷ്ട്ര സംഘടനയുടെ Food and Agriculture Organisation (FAO) യുമായി സംസ്ഥാന/ജില്ലാതലത്തിൽ ശില്പശാലകൾ, കാര്യശേഷി വികസന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കില കരാർ ഒപ്പുവെച്ചു. നാഷണൽ ബയോ ഡൈവേഴ്സിറ്റി ആക്ഷൻ പ്ലാൻ 2014 ന്റെ സുഗമമായ നിർവ്വഹണത്തിനും അതുവഴി നാഷണൽ ബയോ ഡൈവേഴ്സിറ്റി ടാർജറ്റ് നേടിയെടുക്കുന്നതിനുമായി കാർഷിക മേഖലയുടേയും സമാനമായ മറ്റ് മേഖലകളുടേയും ശാക്തീകരണം നേടിയെടുക്കുന്നതിനായി പൂർത്തിയാക്കേണ്ട മാനവ വിഭവ ശേഷി വികസനത്തിനും കാര്യശേഷി വികസനത്തിനുമായുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതായിരിക്കും ഈ കരാറിന്റെ മുഖ്യലക്ഷ്യം. കൃഷി, വനം, മത്സ്യബന്ധന മേഖല തുടങ്ങിയവയിൽ നിന്നുള്ള ഉല്പന്ന/സേവന സംവിധാനങ്ങളുടെ മേച്ചപ്പെട്ട ലഭ്യതയാണ് ഈ പ്രവർത്തനം വഴി നേടിയെടുക്കാനാകുക. ഈ പദ്ധതിക്ക് 6,50,500 രൂപയാണ് എസ്റ്റിമേറ്റ്.

Training Impact Assessment

കില നടത്തിയ താഴെപ്പറയുന്ന പരിശീലന പരിപാടികളുടെ ടെയിനിംഗ് ഇംപാക്ട് അസെസ്മെന്റിനായി വിവിധ ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

ക്രമ നമ്പർ	പരിശീലന പരിപാടി	ഏജൻസി

1	Child Friendly Local Governance	IRTC, Mundur
2	Capacity Building for Municipal Officers	IRTC, Mundur
3	TQM-ISO,	Centre for Socio Economic and Environmental Studies (CSES)
4	Barefoot Technical Training	Centre for Socio Economic and Environmental Studies (CSES)

7) കാര്യശേഷി വികസനത്തിന്റെ ഭാഗമായി കിലയുടെ പുറത്ത് വെച്ച് നടത്തിയ പരിശീലന പരിപാടികൾ

ക്രമ നമ്പർ	വകുപ്പ്	പരിശീലനം/കോഴ്സ് വിവരങ്ങൾ	പങ്കെടുത്തവരുടെ എണ്ണം
1	ഗ്രാമ വികസന വകുപ്പ്	SAGY Training, NIRD, Hyderabad	22
2	പഞ്ചായത്ത് ഡിപ്പാർട്ട്മെൻറ്	Digital Transformation thorugh E Governance – at Goa (conducted NIPCD, New Delhi)	3
3	ശുചിത്വ മിഷൻ	Technichal Training on 'Decentalised Waste Water Treatment System and Fecal Sludge Management' –(Organized by Ecosan, Pune)	5
4	KILA – CHRD, Kottarakkara	ELT Course – IMG Trivandrum	1
		Strategies for the Development of Transgender People in Rural Areas – ToT, NIRD Hydrabad	1
		SAGY Training – NIRD, Hydrabad	1
		Capacity development (Women Empowerment) programme at Lakshadweep, Kavarathi (Panchayat Departmnet, Kavarathi)	1
5	KILA, Thrissur	Strategies for the Development of Transgender People in Rural Areas – ToT, NIRD Hydrabad	3
		Capacity development- Women Empowerment Programme at Lakshadweep, Kavarathi (Panchayat Departmnet, Kavarathi)	2
		Digital Transformation thorugh E Governance – at Goa (conducted NIPCD, New Delhi)	1
	പഞ്ചായത്ത് വകുപ്പ്	IRMA (2019 ജനുവരി 17 മുതൽ 19 വരെ)	

8) പ്രളയാനന്തര പ്രവർത്തനങ്ങൾ

1. നാടൊരുക്കാം നാളേക്കായ്

പ്രളയാനന്തര പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് കിലയും ആരോഗ്യവകുപ്പും സംയുക്തമായി തയ്യാറാക്കിയ വീഡിയോ ആണ് "നാടൊരുക്കാം നാളേക്കായ്". പ്രളയത്തിന് ശേഷമുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മാലിന്യ സംസ്കരണം, ശുചിത്വ നടപടികൾ എന്നിവയെ സംബന്ധിച്ചുള്ള മുൻകരുതലുകളെക്കുറിച്ചും ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ ശൈലജ, ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ.സി. മൊയ്തീൻ എന്നിവരുടെ പ്രതികരണത്തോടെയാണ് വീഡിയോ ആരംഭിക്കുന്നത്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ക്ലോറിനേഷൻ, നാടും നഗരവും വൃത്തിയാക്കൽ, പുനരധി വാസത്തിനുള്ള സഹായസംവിധാനങ്ങൾ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലന വീഡിയോയാണിത് . .സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, കർമ്മസേനാപ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങളെ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ടതെങ്ങനെയെന്ന് വീഡിയോ വിശദീകരിക്കുന്നു .തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരുടേയും പങ്കിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

2. തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി ചെക്ക് ലിസ്റ്റ്

പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ഓരോ തദ്ദേശസ്ഥാപന അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ജനപ്രതിനിധികളും ഓരോ ദിവസവും ചെയ്യേണ്ട അടിയന്തിരമായ കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നതിനും സ്വയം വിലയിരുത്തി അർപണ മനോഭാവത്തോടെ ചെയ്യുന്നതിനുമായി ചെക്ക്ലിസ്റ്റ് തയ്യാറാക്കി കില നൽകിയിട്ടുണ്ട്തദ്ദേശസ്ഥാപനങ്ങളുടെ അദ്ധ്യക്ഷ .ന്മാർ, സെക്രട്ടറിമാർ,ജനപ്രതിനിധികൾ എന്നിവർ ചെയ്യേണ്ട കാര്യങ്ങൾ ഇനം തിരിച്ചാണ് നൽകിയിട്ടുള്ളത്.

3 രോഗവിവര ശേഖരണ പരിപാടി

കുട്ടനാട്ടിൽ വെള്ളപ്പൊക്കം പണ്ടായ സാഹചര്യത്തിൽ അധികം വൈകാതെ തന്നെ രോഗങ്ങൾ പടർന്നുപരക്കുമെന്ന് സാധ്യത മുന്നിൽ കണ്ടു കൊണ്ട് കിലയുടെയും എ .ഐ.ടിമുംബൈയുടെയും . സംയുക്ത സംരംഭമായ കനാൽപി)CAN ALPY യിലെ (പ്രവർത്തകർ തയ്യാറാക്കി മറ്റ് സംഘടനകൾക്ക് ഒപ്പം നടപ്പിലാക്കിയ രോഗവിവരശേഖരണ പരിപാടി.

4. കിലയിൽ ദുരിതാശ്വാസാസ ക്യാമ്പ് ശുചീ-കരണ പ്രവർത്തനങ്ങളിൽ കില ജീവനക്കാരും

കിലയുടെ സമീപ പ്രദേശമായ കറാഞ്ചേരിയിലുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവഹാനിയും വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. ഉരുൾപൊട്ടലിനുശേഷം അതിവർഷം തുടർന്നതിനാൽ സമീപപ്രദേശങ്ങളിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റി പാർപ്പിക്കേണ്ടതും അനിവാര്യമായി. കിലയിൽ ദുരിതാശ്വാസ ക്യാമ്പ് സജ്ജമാക്കണമെന്ന് ബഹു. ജില്ലാ കളക്ടറുടെ നിർദ്ദേശത്തെ തുടർന്ന് 17.08.2018 ൽ ക്യാമ്പ് ആരംഭിക്കുകയും 60 കുടുംബങ്ങളിൽനിന്ന് 201 പേർ ക്യാമ്പിൽ എത്തിച്ചേർന്നു. ആഗസ്റ്റ് 20 ന് വൈകീട്ട് ക്യാമ്പ് അവസാനിപ്പിക്കുകയും ചെയ്തു.

പ്രളയാനന്തര പ്രശ്നങ്ങൾ അതിരൂക്ഷമായി ബാധിച്ച പ്രദേശങ്ങളിൽ കിലയുടെ മുളകുന്നത്തുകാവ്, കൊട്ടാരക്കര എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള ജീവനക്കാർ ശുചീകരണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തമായിരുന്നു.

5. ശുചിതകാമ്പയിൻ -ഏകോപനത്തിനു കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും

പ്രളയബാധിതമല്ലാത്ത പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശുചിത്വ കാമ്പയിനുകളിൽ പങ്കാളികളാകാൻ സ്വമേധയ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ അവയെ ഏകോപിപ്പിച്ച് ക്യാമ്പയിനുകളിൽ പങ്കാളികളാക്കാൻ കിലയും ഗ്രാമപഞ്ചായത്ത് അസോസിയേഷനും സംവിധാനമൊരുക്കി.

6. റാപ്പിഡ് ഫ്ലെഡ് ഇംപാക്ട് അസ്സസ്മെന്റ് റിപ്പോർട്ട്

കുട്ടനാട്ടിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളുടെയും സ്ഥാപനങ്ങളും നാശ നഷ്ടങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, പ്രളയ ബാധിത പ്രദേശങ്ങളിൽ ഉണ്ടാകാൻ ഇടയുള്ള രോഗങ്ങളുടെ വ്യാപന തോത്, ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളും സ്ഥാപനങ്ങളും എന്നിവയുടെ വിശദ വിവരമടങ്ങുന്ന റിപ്പോർട്ട് തയാറാക്കി. കില- ഐ.ഐ.ടി മുംബൈ സംരംഭമായ കാനൽപ്പി പദ്ധതിയുടെ ഭാഗമായി ദുരന്ത നിവാരണ മാനേജന്റ് വിദഗ്ധർ, സിവിൽ എഞ്ചിനീയർമാർ, മെഡിക്കൽ വിദഗ്ധർ, ആർക്കിടെക്ടുകൾ എന്നിവരുടെ സഹായത്തോടെയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

7. പ്രളയവുമായി ബന്ധപ്പെട്ട വിവിധ പ്രസിദ്ധീകരണങ്ങൾ

എ) പ്രളയവുമായി ബന്ധപ്പെട്ട പ്രളയാന്തര വാല്യം 1, 2 (പ്രളയാന്തര പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും അവയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന സംശയങ്ങളും വിശദീകരണങ്ങളും,

ബി) കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപണികളും

സി) ദുരന്തങ്ങളെ നേരിടാം- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു വഴിക്കാട്ടി

9) കിലയിലെ വിവിധ പ്രസിദ്ധീകരണങ്ങൾ

1. KILA NEWSLETTER
2. KILA Journal of Local Governance Vol.4, No.1, January - June 2017
3. District Plan of Action for Children- English
4. Proceedings of the National Workshop on Building Capacities for SDGs - Strategies and Actions
5. After Flood - Frequently Asked Questions
6. Rapid Assessment on Impact of Biodiversity - Manual

7. After Flood - Frequently Asked Questions - Volume II
8. Navakeralam Karmapadathi- Ardram Mission Handbook
9. Birds of KILA
10. District Plan of Action for Children-Malayalam
11. GramaPanchayathil Ninnu Nalkunna Sevanangalum Nibhandanakalum (2018)
12. Samoohyaneethiyum Thadesasthapanangalum -
13. Managing Disasters
14. Flood Manual
15. Climate Change and and Agriculture
16. Climate Change- Livestock and Dairy Development
17. Navakeralam - Karmma Padhathi - Education Protection Mission - Handbook
18. Navakeralam Karmapadathi- Education Mission Handbook
19. Navakeralam Karmapadathi- Education Mission -Review Note

10) അടിസ്ഥാന സൌകര്യ വികസനം :

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട്.

ക്രമ നമ്പർ	പ്രവൃത്തി	അനുവദിച്ച തുക	ചെലവ് തുക	പുരോഗതി റിപ്പോർട്ട്	ഏജൻസി
1.	സഹ്യാദ്രി ഗസ്റ്റ് ഹൗസ് നവീകരണം	50 ലക്ഷം	10 ലക്ഷം	നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഫൈനൽ ബിൽ ലഭിച്ചിട്ടില്ല	KEL-കേരള ഇല്ക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി, ലിമിറ്റഡ്, കേരള സർക്കാർ അംഗീകൃത സ്ഥാപനം
2.	ആരവല്ലി ഗസ്റ്റ് ഹൗസ് നവീകരണം	1 കോടി	20 ലക്ഷം	അന്തിമ ഘട്ടം	
3.	ഗ്രാമസ്വരാജ്, ഗ്രാമസഭാ ഹാൾ നവീകരണം റീ വയറിംഗ്, പെയിന്റിംഗ്, റാംമ്പ് നിർമ്മാണം മുതലായവ	1 കോടി		റാമ്പ് നിർമ്മാണം- 4 എണ്ണത്തിൽ 2 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണം പണി 75% കഴിഞ്ഞിട്ടുണ്ട്	
4.	ഇലക്ട്രിക്കൽ റീവയറിംഗ് –സഹ്യാദ്രി ഗസ്റ്റ് ഹൗസ്, ക്ലാസ് റൂമുകൾ, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, കമ്പ്യൂട്ടർ ലാബ്, നഗരോദയ ഹാളിലും ഊരുകൂട്ടം ഹാളിലും എയർ കണ്ടീഷൻ പുന:സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ മെയിന്റനൻസ്	75 ലക്ഷം	7 ലക്ഷം	സഹ്യാദ്രി ഗസ്റ്റ് ഹൗസ് ഇലക്ട്രിക്കൽ റീവയറിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അരവല്ലിഗസ്റ്റ് ഹൗസിലെ ഇലക്ട്രിക്കൽ റീവയറിംഗ് വർക്കുകൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമകേന്ദ്ര ഹാൾ, കമ്പ്യൂട്ടർ ലാബ് എന്നിവിടങ്ങളിൽ വയറിംഗ് ജോലികൾ പൂർത്തീകരിച്ചു. ട്രാൻസ്ഫോമറിന്റെ ഓയിൽ മാറ്റുകയും പെയിന്റ് ചെയ്യുകയും ഓയിൽ സർക്യൂട്ട് ബ്രേക്കർ മാറ്റി പകരം എയർ ബ്ലാസ്റ്റ് സർക്യൂട്ട് ബ്രേക്കർ	

ക്രമ നമ്പർ	പ്രവൃത്തി	അനുവദിച്ച തുക	ചെലവ് തുക	പുരോഗതി റിപ്പോർട്ട്	ഏജൻസി
				സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച പ്രവർത്തികളുടെ ബില്ലുകൾ ലഭ്യമായിട്ടില്ല. പണി തുടരുന്നു	
5.	ജനറേറ്റർ സ്ഥാപിക്കൽ	30 ലക്ഷം	22.42 ലക്ഷം	പുതിയ ജനറേറ്റർ സപ്ലൈ ചെയ്തിട്ടുണ്ട്. പ്രവർത്തനം തുടങ്ങിയിട്ടില്ല	KEL - കേരള ഇല്ക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി, ലിമിറ്റഡ്, കേരള സർക്കാർ അംഗീകൃത സ്ഥാപനം
6.	ലിഫ്റ്റ് റൂം നിർമ്മാണം, ലിഫ്റ്റ് സ്ഥാപിക്കൽ, യു.പി.എസ്. റൂം നിർമ്മാണം	1 കോടി		ലിഫ്റ്റ് റൂം നിർമ്മാണം- റൂമിന്റെ പണി 75% കഴിഞ്ഞു. യു.പി.എസ് റൂം നിർമ്മാണം - റൂമിന്റെ പണി 75% കഴിഞ്ഞു	
7.	ക്വാർട്ടേഴ്സ് അറ്റകുറ്റ പണികൾ	1.30 കോടി	92.15 ലക്ഷം	ക്വാർട്ടേഴ്സ് പണി - TDLCS നെ ഏല്പിച്ച (24 എണ്ണം) പണി 90% കഴിഞ്ഞിരിക്കുന്നു. ബാക്കി പണികൾ നടക്കുന്നുണ്ട്	TDLCCS
8.	കമ്പ്യൂട്ടർ ലാബിന്റെ നവീകരണം	7 ലക്ഷം	1.51 ലക്ഷം	95% പണി പൂർത്തീകരിച്ചു.	TDLCCS
9.	കിച്ചൻ വിപുലീകരണവും ഉപകരണങ്ങൾ വാങ്ങലും, ഡൈനിംഗ് ഹാൾ വയറിംഗ്	1 കോടി	10 ലക്ഷം	കിച്ചൻ പണി - ഒന്നാം നിലയിൽ കോൺക്രീറ്റ് വർക്ക് കഴിഞ്ഞു. പണി 60% പ്രോഗ്രസ്സ് ആയി	TDLCCS
10.	പുതിയ വാട്ടർ ടാങ്ക് നിർമ്മാണം	90 ലക്ഷം	18 ലക്ഷം	പുതിയ വാട്ടർ ടാങ്ക് – പണിയുടെ പ്രാഥമിക ഘട്ടത്തിൽ നിൽക്കുന്നു	TDLCCS
11.	ഓഡിറ്റോറിയം നവീകരണം	3 കോടി		ഓഡിറ്റോറിയം നവീകരണം- പ്രാരംഭഘട്ടം- അതിലെ വർക്കുകളുടെ എസ്റ്റിമേറ്റുകൾ ആവശ്യമായ മാറ്റങ്ങൾ വരുത്തി - തുടങ്ങുന്ന ഘട്ടത്തിൽ	TDLCCS
12.	അഗളി സെന്റർ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ	85 ലക്ഷം		TDLCS നെ ഏല്പിച്ച പ്രാരംഭ ഘട്ടത്തിൽ	TDLCCS
13.	എസ്.എ.എസ്. കെട്ടിടം, അഡ്മിനിസ്ട്രേഷൻ ടെയിനിംഗ് ബ്ലോക്ക് എന്നിവയുടെ ടസ്റ്റ് വർക്ക്	83 ലക്ഷം		അംഗനവാടി കെട്ടിടം മെയിന്റനൻസ് കഴിഞ്ഞു. ഫൈനൽ ബിൽ തയ്യാറാക്കുന്നു.	TDLCCS
14.	വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്	130 ലക്ഷം		ടെണ്ടർ നടപടി ആരംഭിച്ചു	

ക്രമ നമ്പർ	പ്രവൃത്തി	അനുവദിച്ച തുക	ചെലവ് തുക	പുരോഗതി റിപ്പോർട്ട്	ഏജൻസി
	പ്ലാന്റ്				
15.	പുതിയ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നത് കില ഹെഡ് ക്വാർട്ടേഴ്സ്-40 അഗളി സെന്റർ-30 കൊട്ടാരക്കര -20	52.25 ലക്ഷം	32.49 ലക്ഷം	PWD TS നൽകി യിട്ടുണ്ട്. ടെണ്ടർ നടപടി കൾ പുരോഗമിക്കുന്നു. കേരള ഇ-ഗവേണൻസ് IT Procurement portal വഴി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു	
16.	നിലവിലുള്ള കമ്പ്യൂട്ടർ ലാബിലെ (2011 ൽ വാങ്ങിയത്) 50 കമ്പ്യൂട്ടറുകൾ മാറ്റി പുതിയത് വാങ്ങുന്നതിലേക്ക്	18 ലക്ഷം		2011 ലെ കമ്പ്യൂട്ടറുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നതിനും ടി റിപ്പോർട്ടനുസരിച്ച് ഇപ്പോൾ ഉപയോഗിക്കുന്ന 50 കമ്പ്യൂട്ടറുകൾ മാറ്റി പുതിയത് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.	
17.	കിലയോട് ചേർന്ന് കിടക്കുന്ന 9.50 ഏക്കർ ഭൂമി ലാന്റ് അക്വസിഷൻ നടപടിക്രമത്തിലൂടെ ഏറ്റെടുക്കുന്നതിലേക്ക്			ജില്ലാ കളക്ടർ പരിസ്ഥിതി ആഘാത പഠനത്തിനായി രാജഗിരി കോളേജിനെ ഏൽപ്പിച്ചിരിക്കുന്നു.	

തീരുമാനം :
2018-19 ലെ പ്രവർത്തന റിപ്പോർട്ട് വിശദമായി വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

തീരുമാനം :

1. **കിലയുടെ കീഴിൽ കൊട്ടാരക്കര സെന്റർ സംയോജിപ്പിച്ച സാഹചര്യത്തിൽ കൊട്ടാരക്കരയെ പ്രതിനിധീകരിച്ചുകൊണ്ട് സ്ഥലം MLA യെ കില ഗവേർണിംഗ് കൌൺസിലിൽ പ്രത്യേക ക്ഷണിതാതാവാക്കുവാൻ തീരുമാനിച്ചു.**
2. **ഗവേർണിംഗ് കൌൺസിൽ വർഷത്തിൽ ചുരുങ്ങിയത് രണ്ടുപ്രാവശ്യമെങ്കിലും യോഗം ചേരണമെന്ന് ഗവേർണിംഗ് കൌൺസിൽ അദ്ധ്യക്ഷൻ നിർദ്ദേശിച്ചു**

യോഗം വൈകിട്ട് 5 മണിക്ക് അവസാനിച്ചു.

(സി. ഷൈജു)
ഗവേർണിംഗ് കൗൺസിൽ അംഗം

സി.ഡി.എസ് ചെയർപേഴ്സൺ
തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന

2018 ജനുവരി 16-ാം തീയതി 02.30 p.m ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ അവർകളുടെ ചേമ്പറിൽ നടന്ന ഒന്നാമത് കില ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.

ഹാജർ:

1. ഡോ. കെ.ടി. ജലീൽ
   ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി : പ്രസിഡ്
2. ശ്രീ. ടി.കെ. ജോസ് IAS
   അഡീഷണൽ ചീഫ് സെക്രട്ടറി,കേരള സർക്കാർ : കൺവീനർ
3. ശ്രീ. കെ. രാമചന്ദ്രൻ
   കമ്മീഷണർ, ഗ്രാമവികസന വകുപ്പ് : മെമ്പർ
4. ശ്രീ. അനിൽകുമാർ എസ്
   ജോയിന്റ് സെക്രട്ടറി : മെമ്പർ
   ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി
5. ശ്രീ. വി.വി. രമേശൻ
   ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ : മെമ്പർ
6. ശ്രീ. ആർ. സുഭാഷ്
   പ്രസിഡ് : മെമ്പർ
   കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
7. ശ്രീ. ബൽരാജ് ബി.കെ
   ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് : മെമ്പർ
   അർബൻ അഫയേഴ്സ് ഡയറക്ടറുടെ പ്രതിനിധി
8. ശ്രീമതി. പ്രസന്നകുമാരി എം സി : മെമ്പർ
   പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ്
   സെക്രട്ടറിയുടെ പ്രതിനിധി
9. ശ്രീ. ഹിൽക്ക് രാജ് ആർ.എ
   പഞ്ചായത്ത് ഡയറക്ടറുടെ പ്രതിനിധി : മെമ്പർ
10. ഡോ. ജോയ് ഇളമൺ ഡയറക്ടർ, കില : മെമ്പർ

ഐറ്റം നമ്പർ : 1

27.03.2017 -ലെ ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

27.03.2017-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-I) (പേജ്നം:**14-20**)

തീരുമാനം:

മിനിട്സ് അംഗീകരിച്ചു.

ഐറ്റം നമ്പർ : 2

27.03.2017 -ലെ ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്

27.03.2017-ൽ ചേർന്ന ജനറൽ കൗൺസിൽ യോഗതീരുമാന നടപടികൾ (അനുബന്ധം-2)(പേജ്നം:**21-24**) അറിവിലേക്കായി സമർപ്പിക്കുന്നു.

തീരുമാനം:

യോഗ തീരുമാനങ്ങളിൽ എടുത്ത നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തി.

*അഹാഡ്സ് -സിസിപിആർഎം സൊസൈറ്റിയുടെ ആസ്തി ബാധ്യത റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ **27/03/2017** ലെ ജനറൽ കൗൺസിൽ യോഗത്തിൽ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. കില ഡയറക്ടർക്ക് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് വേ നടപടികൾ എടുക്കണമെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർക്ക് നേരിട്ട് നിർദ്ദേശം നൽകി.*

ഐറ്റം നമ്പർ : 3

ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്:

കിലയുടെ മെമ്മൊറാം ഓഫ് അസോസിയേഷനിലെ ഐറ്റം നമ്പർ 17 ൽ 1 (ii) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

- കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് വേ 2015 മാർച്ച് മാസത്തിൽ ഓഡിറ്റേഴ്സ് പാനൽ ശേഖരിക്കുകയും 16.03.2015 ലും 15.01.2016 ലും 27.03.2017 ലും ചേർന്ന ജനറൽ കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷത്തിലെ കണക്കുകൾ 50,000/- രൂപ ഓഡിറ്റ് ഫീ നിരക്കിൽ **M/s. Abraham & Jose, Charterd Accountants, Thrissur** എന്ന സ്ഥാപനം ഓഡിറ്റ് നടത്തുകയായി. **M/s. Abraham & Jose, Charterd Accountants, Thrissur** എന്ന ഓഡിറ്റ് സ്ഥാപനം തുടർച്ചയായി മൂന്നുവർഷം ഓഡിറ്റ് നടത്തിയിട്ടു്. ആയതിനാൽ പുതിയ ഓഡിറ്ററെ നിയമിക്കേത് അഭികാമ്യമായിരിക്കും.
- 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റേഴ്സ് പാനൽ 2017 ആഗസ്ത് മാസത്തിൽ ശേഖരിച്ചത് അനുബന്ധമായി ചേർത്തിട്ടു്. (അനുബന്ധം-3)(പേജ്നം:**25-26**)
  - 2017-18 സാമ്പത്തിക വർഷത്തിൽ കിലയുടേയും കില-സിഎച്ച്ആർഡി. യുടേയും കണക്കുകൾ പ്രത്യേകമായും സംയോജിപ്പിച്ചും വാർഷിക കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി ഓഡിറ്റ് ഫീസ് തീരുമാനിച്ചുക്കൊ് ഓഡിറ്റേഴ്സ് പാനലിൽ നിന്ന് ഒരു ഓഡിറ്ററെ നിയമിക്കുന്നതിനും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം:

2017-18 സാമ്പത്തിക വർഷത്തിൽ കിലയുടെയും കില-സിഎച്ച്ആർഡിയുടെയും കണക്കുകൾ പ്രത്യേകമായും സംയോജിപ്പുകൊും വാർഷിക കണക്കുകൾ ഓഡിറ്റ് നടത്തു

കയും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റേഴ്സ് പാനലിൽ നിന്നും കൂടുതൽ പരിചയ സമ്പത്തുള്ള M/s. SKV Associates, Chartered Accountant, S16, Alukaks Castle, Civil Lane Road, Ayyanthole, Thrissur എന്ന സ്ഥാപനത്തെചുമതലപ്പെടുത്താൻ തീരുമാനിച്ചു. ഓഡിറ്റ് ഫീ 75,000/- രൂപയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു.

ഐറ്റം നമ്പർ : **4**
ഓഡിറ്റ് റിപ്പോർട്ട് **2016-17**

കിലയെ അന്തർദേശീയ തലത്തിൽ മികവിന്റെ കേന്ദ്രം ആക്കി മാറ്റുന്നതിന്റെ ഭാഗമായി 5 പരിശീലന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ കിലയിൽ ലയിപ്പിച്ച് പുന:ർനാമകരണം ചെയ്തു. ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	സർക്കാർ ഉത്തരവ് നമ്പറും തീയതിയും	വിഷയം
1	സ.ഉ (കൈ) നം. 184/2016/തസ്വഭവ തീയതി 29.11.2016	എസ്ഐആർഡി- കില സംയോജനം
2	സ.ഉ (സാധ) നം. 3525/2016/തസ്വഭവ തീയതി 27.12.2016	എസ്ഐആർഡിയുടെ പുന:ർനാമകരണം
3	സ.ഉ (സാധ) നം. 347/2017/തസ്വഭവ തീയതി 07.02.2017	അഹാഡ്സ്-സിസിപിആർ ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനും കമ്മിറ്റി രൂപീകരണം
4	സ.ഉ (കൈ) നം. 34/2017/തസ്വഭവ തീയതി 13.02.2017	മൂന്ന് ഇ.റ്റി.സി (ETC) കളുടെ പുന:ർനാമകരണം
5	സ.ഉ (കൈ) നം. 57/2017/തസ്വഭവ തീയതി 16.03.2017	അഹാഡ്സ്-സിസിപിആർഎം നെ ഡിസോൾവ് ചെയ്ത് ഉപാധികൾ ഇല്ലാതെ കിലയിൽ ലയിപ്പിച്ച് കൊുള്ള ഉത്തരവ്
6	സ.ഉ (കൈ) നം. 103/2017/തസ്വഭവ തീയതി 24.05.2017	കില - എസ്ഐആർഡി സ്കീം ഓഫ് ഇന്റഗ്രേഷൻ

1) **2016-17** സാമ്പത്തിക വർഷത്തിലെ കിലയുടെയും എസ്ഐആർഡി.(കില-സിഎച്ച് ആർഡി)യുടേയും കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ്

2016-17 സാമ്പത്തിക വർഷത്തിലെ കിലയുടേയും എസ്ഐആർഡി. (കില-സിഎച്ച് ആർഡി) കൊട്ടാരക്കരയുടേയും കണക്കുകൾ സംയോജിപ്പിച്ചുക്കൊുള്ള കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് **M/s. Abraham & Jose, Thrissur** എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗന്റ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് അക്കൗ, ബാലൻസ് ഷീറ്റ് എന്നിവയും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിച്ചിട്ടു്. ആയത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-**4**)(പേജ് നം: **27-45**)
സംയോജിത വരവ് ചെലവ് കണക്കുകളുടെ രത്നച്ചുരുക്കം താഴെകൊടുക്കുന്നു.

Sl No	Particulars	Current year 2016-17 (Rs. in lakhs)
INCOME:		
1	Income from training programme	336.17

2	Grant from State Govt -Non-plan	250.55
3	Other Income (Misc. Inc. /Int. on Bank A/cs, Quarters Rent,etc.)	86.52
	TOTAL	**673.24**
EXPENDITURE:		
1	Administrative Expenses	501.96
2	Office Expense	29.12
3	Training Expenses	41.02
4	Bank Charges	0.12
5	Building Tax and Water Charges	0.07
6	Membership Fee and Memento	0.23
7	News Paper & Periodicals	1.70
8	Repairs & Maintenance	48.8
9	Depreciation	93.26
	TOTAL	**716.28**
	Excess of (Expenditure) / Over Income	**(43.04)**

തീരുമാനം:

2016-17 *സാമ്പത്തിക വർഷത്തിലെ കിലയുടെയും എസ്ഐആർഡി. (കില-സിഎച്ച് ആർഡി)യുടേയും കൺസോളിഡേറ്റഡ് ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗസ് അംഗീകരിച്ചു*

2) 2016-17 സാമ്പത്തിക വർഷത്തിലെ കിലയുടെ വാർഷിക കണക്കുകൾ 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകൾ **M/s. Abraham & Jose, Thrissur** എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗന്റ്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കുകയും ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്കായി ധനകാര്യവകുപ്പിലേക്ക് കത്ത് നമ്പർ KILA/2016/101/1445 തീയതി 2017 ആഗസ്ത് മാസം 8 ന് തപാൽ മാർഗ്ഗം അയച്ചിട്ടുള്ളതുമാണ്. 2017 ആഗസ്റ്റ് 29 -ാം തീയ്യതി ചേർന്ന എക്സിക്യൂട്ടീവ് കൗൺസിലിന്റെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-5)(പേജ് നം: 46- 49)

കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നചുരുക്കം

Sl No	Particulars	% Increase / (Decrease) compared to P.Y	Current year 2016-17 (Rs. in lakhs)	Previous year 2015-16 (Rs. in lakhs)
INCOME:				
1	Income from training programme	17%	321.64	275.11
2	Grant from State Govt -Non-plan	15%	35.89	31.21
3	Other Income (Misc. Inc. /Int. on Bank A/cs, Quarters Rent,etc.)	24%	79.97	64.56

	TOTAL	**18%**	**437.5**	**370.88**
EXPENDITURE:				
1	Administrative Expenses	(24%)	317.30	419.89
2	Office Expense	(6%)	29.11	31.02
3	Training Expenses	98%	24.34	12.30
4	Bank Charges	200%	0.12	0.04
5	Building Tax and Water Charges	(86%)	0.07	0.50
6	Coolie Charges	(100%)	0	6.76
7	Membership Fee and Memento	(50%)	0.23	0.46
8	News Paper & Periodicals	12%	1.70	1.52
9	Repairs & Maintenance	103%	34.13	16.80
10	Depreciation	7%	71.97	67.45
	TOTAL	**(14%)**	**478.97**	**556.74**
	Excess of (Expenditure) / Over Income		**(41.47)**	**(185.86)**

ചെലവ് ഇനങ്ങളുടെ വിശദീകരണക്കുറിപ്പ്

- Administrative Expenses : 2015-16 ൽ (UGC Pay Revision (2006)) കിലയിലെ അക്കാദമിക് വിഭാഗം ജീവനക്കാർക്ക് arrear അനുവദിച്ച് നൽകിയതിന്റെ ഫലമായി 106.42 ലക്ഷം രൂപ അഡ്മിനിസ്ട്രേഷൻ ചെലവ് ഇനത്തിൽ അധികരിച്ചിരുന്നു. ആയതുമായി താരതമ്യം ചെയ്തതിനാലാണ് അഡ്മിനിസ്ട്രേഷൻ ചെലവ് എന്ന ശീർഷകത്തിൽ 2016-17 ൽ 24% കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് .
- Training Expenses: പരിശീലനങ്ങളുടേയും പരിശീലനാർത്ഥികളുടേയും എണ്ണത്തിൽ വർദ്ധനവുായതിനോടനുബന്ധിച്ച് വിവിധയിനങ്ങളുടെ ചെലവ് വർദ്ധിച്ചിട്ടു. അതായത് ബെഡ് ഷീറ്റ്, തലയണ കവർ, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, വാഷിംഗ് ചാർജ്ജ് മുതലായ ഇനങ്ങളുടെ ചെലവ് വർദ്ധിച്ചിട്ടു്. ഈ ഇനത്തിൽ മൊത്തത്തിൽ 98% വർദ്ധനവുായിട്ടു്.
- Repairs & Maintenance: കിലയുടെ ഗസ്റ്റ് ഹൗസുകൾ കാലപ്പഴക്കത്താൽ അടിയന്തിരമായ അറ്റക്കുറ്റപ്പണികൾ നടത്തേി വന്നതിനാലാണ് ഈ ഇനത്തിലുള്ള ചെലവ് വർദ്ധിച്ചിരിക്കുന്നത്.
- Depreciation: Depreciation ചാർജ്ജുകൾ അക്കൗൗൽ രേഖപ്പെടുത്തുന്നതിന് മുമ്പ് കിലയുടെ അധിക വരുമാനം 30.50 ലക്ഷം രൂപ ആണ്. എന്നാൽ Depreciation ചാർജ്ജുകൾ രേഖപ്പെടുത്തി കഴിഞ്ഞപ്പോൾ ചെലവ് 41.47 ലക്ഷം രൂപ ക് അധികരിച്ചിരിക്കുകയാണ്.

<u>തീരുമാനം:</u>

***2016-17** സാമ്പത്തിക വർഷത്തിലെ കിലയുടെ വാർഷിക കണക്കുകൾ അംഗീകരിച്ചു*

കൂലി ചാർജ്ജിനത്തിൽ വരുന്ന ചെലവുകൾ അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ്സ് എന്ന ഹെഡ് ഓഫ് അക്കൗൽ ഉൾപ്പെടുന്നത് ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെട്ടു

3) അഹാഡ്സ്-സിസിപിആർഎം: ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ്

അഹാഡ്സ് - CCPRM ലെ ആസ്തി ബാധ്യത റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും നാളിതു വരെ ലഭ്യമായിട്ടില്ല. 29.08.2017 ലെ എക്സിക്യൂട്ടീവ് കൗൺസിൽ അഹാഡ്സ് - CCPRM ന്റെ ഓഡിറ്റഡ് അക്കൗസ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി. ആയത് പ്രകാരം താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കി.

1) ആസ്തികളുടെ കണക്കെടുപ്പ് കില നേരിട്ട് നടത്തി ആസ്തി വിവരപട്ടിക തയ്യാറാക്കി
2) ആസ്തി വിവരപട്ടികയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് തൃശൂർ കോസ്റ്റ്ഫോർഡിനെ ചുമതലപ്പെടുത്തി
3) കോസ്റ്റ്ഫോർഡ് തയ്യാറാക്കി നൽകിയ മൂല്യനിർണ്ണയ കണക്കുകൾ കില ഓഡിറ്റർക്ക് കൈമാറി
4) അഹാഡ്സ് - CCPRM ന്റെ ലഭ്യമായ ബാങ്ക് അക്കൗ ബാലൻസുകളുടെ വിവരങ്ങൾ കില ഓഡിറ്റർക്ക് നൽകി

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കിലയുടെ ഓഡിറ്റർ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കി ഒപ്പുവെച്ച് ഓഡിറ്റ് റിപ്പോർട്ട് സഹിതം കിലക്ക് നൽകിയിട്ടു്. ആയത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-6)(പേജ് നം: 50-164)**

<u>തീരുമാനം:</u>

അഹാഡ്സ്-സിസിപിആർഎം ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ് അംഗീകരിച്ചു

<u>ഐറ്റം നമ്പർ : 5</u>

<u>2017-18 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്</u>

2017-18 സാമ്പത്തിക വർഷത്തിൽ കിലയുമായി സംയോജിപ്പിച്ച സ്ഥാപനങ്ങളുടേതുൾപ്പെടെ കിലയുടെ മൊത്തമായ ബഡ്ജറ്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ സാമ്പത്തികവർഷത്തിൽ കില പ്രതീക്ഷിക്കുന്ന പ്രധാന ധനസഹായങ്ങൾ ചുവടെചേർക്കുന്നു.

1) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കില- ഗ്രാന്റ് - ഇൻ-എയ്ഡ് (പ്ലാൻ) - 3000 ലക്ഷം രൂപയും കില - ഗ്രാന്റ് -ഇൻ-എയ്ഡ് (നോൺ പ്ലാൻ) - 41.28 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
2) കേന്ദ്ര സർക്കാരിൽ നിന്നും ആർജിഎസ്എ പ്രോജക്ടിലേക്ക് 2650 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
3) കേന്ദ്രസർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കര സെന്ററിലേക്ക് അനുവദിക്കുന്ന വിഹിതം
   i) കോർ ഫാക്കൽറ്റികളുടെ (5 പേർ) ശമ്പള ഇനത്തിൽ 44.93 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
   ii) പരിശീലനങ്ങളുടേയും സ്ഥാപനത്തിലെ മറ്റുചെലവുകളുടേയും 50% വിഹിതമായി 299.65 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്
   iii) സംസ്ഥാന സർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കരയിലെ മൊത്തം ചെലവിന്റെ (കോർ ഫാക്കൽറ്റികളുടെ ശമ്പളം കൂടാതെ) 50% വിഹിതമായി 299.65 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്

4) യൂണിസെഫ്/കെഎൽജിഎസ്ഡിപി/നഗരകാര്യ ഡയറക്ടറേറ്റ് എന്നീ ഏജൻസി/മറ്റ് വകുപ്പുകളിൽ നിന്നുമായി 256.8 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്

കേന്ദ്ര സർക്കാർ State Institute of Rural Development സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം ധനസഹായ തുക താഴെപ്പറയുന്ന രീതിയിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്.

1) കോർ ഫാക്കൽറ്റികൾ 7 പേർക്കുള്ള ശമ്പളത്തിന് പൂർണ്ണ ധനസഹായം
2) പരിശീലന പരിപാടികളുടെ ഭക്ഷണം, താമസം, പരിശീലന സാമഗ്രികൾ, മുതലായവക്ക് 50% കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം
3) വൈദ്യുതി/വെള്ളം എന്നീ ചെലവിനങ്ങൾക്ക് ഒരു വർഷത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ
4) യാത്രാബത്ത, Fuel, പരിശീലനത്തോടനുബന്ധിച്ചുള്ള സന്ദർശനങ്ങൾ, വാഹനങ്ങളുടെ മെയിന്റനൻസ് എന്നിവക്കായി പരമാവധി 3.50 ലക്ഷം രൂപ
5) പുസ്തകങ്ങൾ/ജേർണലുകൾ/ മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവക്ക് ഒരു വർഷത്തേക്ക് പരമാവധി 0.50 ലക്ഷം രൂപ
6) ഓഫീസ്/മറ്റ് അനുബന്ധ ചെലവുകൾക്കായി ഒരു വർഷത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ
7) നോൺ ഫാക്കൽറ്റി/സപ്പോർട്ട് സ്റ്റാഫിന്റെ ശമ്പളം/ മറ്റ് അനുബന്ധ ചെലവുകൾ എന്നിവക്കായി ഒരു വർഷത്തേക്ക് പരമാവധി 18 ലക്ഷം രൂപ (ഒരു മാസത്തേക്ക് പരമാവധി 1.50 ലക്ഷം രൂപ)

ആയതുപ്രകാരം കൊട്ടാരക്കര സെന്ററിനുള്ള കേന്ദ്ര ധനസഹായം 2017-18 സാമ്പത്തിക വർഷത്തിൽ പരിശീലനേതര ചെലവുകൾക്കും സ്ഥാപനത്തിലെ മറ്റ് ചെലവുകൾക്കുമായി 25 ലക്ഷം രൂപ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ ആവശ്യമായ ധനസഹായം സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾക്കായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017ആഗസ്ത് 29 -ാം തീയ്യതി ചേർന്ന എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗീകാരത്തോടും ശുപാർശയോടെയും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-7)(പേജ് നം:165-186)**

ബഡ്ജറ്റിന്റെ രത്നചുരുക്കം

SI NO	Particulars	Budget Estimate (Rupees in Lakhs)
		2017-18
1	Opening Balance	6647.70
2	Revenue Income	1565.64
3	Project Income & Central Assistance	3411.76
4	Non Capital Income	2070.00
5	Capital Income	1278.00
6	Other Fund Payables	92.76
	GRAND TOTAL	15065.86
7	Revenue Expenses	1817.64
8	Project Expenses/ Central Assistance Expenses	4450.62
9	State Plan-Non Capital Expenses	2989.10
10	Capital Expenses - Development of Infrastructure	3887.33
	Closing Balance	1921.17
	GRAND TOTAL	15065.86

തീരുമാനം:

ബഡ്ജറ്റ് പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

- *കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം എസ്ഐആർഡി/ഇടിസി സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പരിമിതപ്പെടുത്തിയിട്ടു്. എന്നാൽ **SIRD** യുടെ കാര്യത്തിൽ നോൺഫാക്കൽറ്റി/സപ്പോർട്ട് സ്റ്റാഫിന്റെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ കേരളത്തെ സംബന്ധിച്ചിടത്തോളം സംയുക്ത കിലയായതിനാൽ കിലയുടെ മറ്റ് ധനാഗമന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഈ വിടവ് നികത്താവുന്നതാണ്. **30.03.2016** ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി ഐറ്റം നം **3.37** പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപ വീതം വിഹിതമായി ലഭ്യമാക്കുവാൻ തീരുമാനിച്ചിരുന്നു. തുടർനടപടികൾ എടുക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *കിലയിലെ സെന്റർ ഫോർ അർബൻ ഗവേൺൻസ് ശക്തിപ്പെടുത്തുവാൻ ഒരു അർബൻ ചെയർ രൂപീകരിക്കുവാനും നഗരഭരണത്തിനനുസൃതമായ വൈദഗ്ധ്യവും വിദഗ്ധരായവരുടെ സേവനവും ലഭ്യമാക്കുവാനും തീരുമാനിച്ചു. ഇതിന് വേ തുക മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വിഹിതമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *അർബൻ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പരിശീലന പരിപാടിക്ക് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി നടപ്പിലാക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *2017-18 സാമ്പത്തിക വർഷത്തിൽ കിലക്ക് വകയിരുത്തിയിട്ടുള്ള 30 കോടി രൂപ പൂർണ്ണമായും ഈ സാമ്പത്തിക വർഷം തന്നെ കിലക്ക് ലഭിക്കുന്നതിന് വേ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് പ്രത്യേക ശുപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

- *കിലയിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിയും വിലയിരുത്താനായി 6 മാസത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ സാന്നിധ്യത്തിൽ യോഗം കൂടുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി. കിലയുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായം പരമാവധി ഉറപ്പ് വരുത്തണമെന്നും അഭിപ്രായപ്പെട്ടു.*

ഐറ്റം നമ്പർ : 6
കില മെമ്മൊറാം ഓഫ് അസോസിയേഷന്റെ ഭേദഗതി

സ.ഉ (കൈ) നം. 103/2017/തസ്വഭവ തീയതി 24.05.2017 പ്രകാരം കിലയുമായി സംയോജിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളായ SIRD, AHADS- CCPRM, മൂന്ന് എക്സ്റ്റൻഷൻ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊ് കിലയുടെ മെമ്മൊറാം ഓഫ് അസോസിയേഷന്റെ ഭേദഗതി ചെയ്യേതു്. ആയതിനാവശ്യമായ ഭേദഗതി വരുത്തിയ മെമ്മൊറാം ഓഫ് അസോസിയേഷൻ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-8)(പേജ് നം: 187-207)**. കിലയിലെ നിലവിലുള്ള മെമ്മൊറാം ഓഫ് അസോസിയേഷന്റെ പകർപ്പ് **(അനുബന്ധം-9)(പേജ് നം: 208- 231)** അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു.

തീരുമാനം:

കില മെമ്മൊറാം ഓഫ് അസോസിയേഷന്റെ ഭേദഗതി അംഗീകരിച്ചു

ഐറ്റം നമ്പർ : 7
കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ

കിലയിൽ ലയിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലയനത്തിന് ശേഷം കിലയുടെ മൊത്തം ജീവനക്കാരെ ഉൾപ്പെടുത്തിക്കൊുള്ള സ്റ്റാഫ് പാറ്റേൺ തയ്യാറാക്കുന്നതിന് സർക്കാരിന്റെ നിർദ്ദേശ പ്രകാരം Centre for Management Development (CMD) യെ ചുമതലപ്പെടുത്തിയിരുന്നു. CMD തയ്യാറാക്കി നൽകിയ കരട് റിപ്പോർട്ടും കില ജീവനക്കാരുടെ നിർദ്ദേശങ്ങളും ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം-10)(പേജ് നം: 232 - 328)**

തീരുമാനം:

1. *കില ജീവനക്കാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുക്കൊും നിലവിലുള്ള ജീവനക്കാരെ നിലനിർത്തിക്കൊും* Centre for Management Development (CMD) *യുടെ കരട് റിപ്പോർട്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ CMD ക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു*

2. *അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപെടുന്ന* Centre for Management Development (CMD) *യുടെ അന്തിമ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം സഹിതം ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.*

ഐറ്റം നമ്പർ : 8

ആശ്രിത നിയമനം- സ്കീം നയപരമായി അംഗീകാരം നല്കുന്നത് സംബന്ധിച്ച്

കിലയുടെ നിലവിലെ സർവ്വീസ് ബൈലോയിൽ ആശ്രിത നിയമനം സംബന്ധിച്ച് പ്രത്യേക പരാമർശം ഇല്ലാതിരുന്ന സാഹചര്യത്തിൽ "Scheme of Compassionate Employment" നടപ്പാക്കുന്നതിനെടുത്ത നടപടിക്രമങ്ങൾ താഴെക്കൊടുക്കുന്നു.

12.12.2013, 11.03.2014 തീയതികളിലെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ തീരുമാനപ്രകാരം സർക്കാരിൽ നിലവിലുള്ള റൂൾ പ്രകാരം, ഈ സ്കീം (അനുബന്ധം-**11**(പേജ് നം: **329-343**) നടപ്പാക്കാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി. ആയതുപ്രകാരം ഈ സ്കീം കിലയിൽ നിലവിലെ സർക്കാർ റൂൾ പ്രകാരം നടപ്പാക്കി കില ഡയറക്ടർ ഉത്തരവിറക്കി. (അനുബന്ധം-**12**(പേജ് നം: **344-345**)

i. 15.06.2013 ൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ പാർട്ട്ടൈംസ്വീപ്പറുടെ മകൾ ശ്രീമതി നിനി. പി.പി. "Compassionate Employment Scheme"ൽ ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചു. "Class III & IV" ജീവനക്കാരുടെ നിയമന അധികാരിയായ കില ഡയറക്ടർ, ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ ആയിരിക്കണം നിയമനം നൽകേത് എന്ന് സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചു. (അനുബന്ധം-**13**) (പേജ് നം: **346**) പ്രസ്തുത അറിയിപ്പ് കില എക്സിക്യൂട്ടീവ് കൗൺസിലിന് സമർപ്പിക്കുകയും കൗൺസിലിന്റെ അംഗീകാരപ്രകാരം ശ്രീമതി നിനിക്ക് 'ഖലാസി' (Class IV) തസ്തികയിൽ 27.04.2015 മുതൽ നിയമനം നൽകി.

ii. 16.11.2008 ൽ ഖലാസി (Class IV) തസ്തികയിൽ സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ. ശിവപ്രസാദ് ടി.,, ഖലാസി തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷയും എല്ലാ അനുബന്ധ രേഖകളും സമർപ്പിക്കുകയും എന്നാൽ 9.6.2017 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കൗൺസിൽ കിലയിൽ ആശ്രിത നിയമനം നടപ്പിലാക്കുന്നതു സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കുവാൻ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാനും, ശ്രീമതി നിനി.പി.പി. ക്ക് ഖലാസി (Class IV) തസ്തികയിൽ നൽകിയ ആശ്രിത നിയമനം അംഗീകരിക്കുന്നതിനും, ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ. ശിവപ്രസാദ്. ടി. യുടെ അപേക്ഷ അംഗീകാരത്തിനായി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാനും നിർദ്ദേശിച്ചു. ആയതിനാൽ:

(1) കിലയിൽമസർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സ്കീമിന് നയപരമായ അംഗീകാരം നൽകുന്നതിനായി സമർപ്പിക്കുന്നു.

(2) ശ്രീമതി നിനി.പി.പി. (D/o. Late Mary Paulson,പാർട്ട്ടൈം സ്വീപ്പർ) ക്ക് ഖലാസി (Class IV) തസ്തികയിൽ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം ആശ്രിത നിയമനം നൽകിയ നടപടി അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(3) 16.11.2008 ൽ കിലസർവ്വീസിലിരിക്കെ മരണമടഞ്ഞ ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ.ശിവപ്രസാദ്.ടി.,സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ (അനുബന്ധം-**14**)(പേജ് നം:**347-361**) യിൽ; കിലയിൽ ഒഴിവുള്ള ഖലാസി (Class IV) തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു.

തീരുമാനം:

1) *കിലയിൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സ്കീമിന് നയപരമായ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.*

2) *ശ്രീമതി നിനി.പി.പി. (D/o. Late Mary Paulson,പാർട്ട്ടൈം സ്വീപ്പർ) ക്ക് ഖലാസി (Class IV) തസ്തികയിൽ എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനപ്രകാരം ആശ്രിത നിയമനം നൽകിയ നടപടി അംഗീകരിച്ചു.*

3) *16.11.2008 ൽ കില സർവ്വീസിലിരിക്കെ മരണമടഞ്ഞ ശ്രീ. ശിവശങ്കരന്റെ മകൻ ശ്രീ.ശിവപ്രസാദ്.ടി.,സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ അംഗീകരിച്ച് കിലയിൽ ഒഴിവുള്ള ഖലാസി (Class IV) തസ്തികയിൽ നിയമനം നൽകുന്നതിന് വേ നടപടികൾ എടുക്കുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി.*

ഐറ്റം നമ്പർ : 9

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് (2017 ഡിസംബർ മാസം വരെ)

പരിശീലന പരിപാടിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊ് നടപ്പിലാക്കുന്ന കർമ്മപരിപാടികളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

- പരിശീലനത്തിന്റെ പരിണിത ഫലം ലക്ഷ്യമിട്ടുള്ളതും ഒറ്റത്തവണയായി അറിവ് പകരുന്നതിന് പകരം ഘട്ടംഘട്ടമായി കാര്യശേഷി വികസിപ്പിക്കുന്നതിലും കൂടുതൽ പേരെ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നതുമായ തീവ്ര പരിശീലന പരിപാടിക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

- നഗരഭരണം, ആസൂത്രണം എന്നിവക്ക് കൂടുതൽ ശ്രദ്ധ നൽകി പരിശീലനം നടത്തി വരുന്നു. തദ്ദേശഭരണം, വികേന്ദ്രീകരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ, മിഷനുകൾ എന്നിവയുമായി ദീർഘകാലാടിസ്ഥാനത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്ന സംവിധാനം ആസൂത്രണം ചെയ്ത് വരുന്നു.

- മാനവ വിഭവ പരിപാലനം, നീർത്തട പരിപാലനം, ആദിവാസി വികസനം, പ്രകൃതി വിഭവ പരിപാലനം, ജൈവ കൃഷി, മാലിന്യ നിർമ്മാർജ്ജനം തുടങ്ങി വിവിധ വിഷയങ്ങളിൽ കൂടുതൽ ഊന്നൽ നൽകിയിട്ടു്.

- കില സംഘടിപ്പിക്കുന്ന വിവിധ ഗവേഷണ പരിപാടികൾ മുഖേന കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ളവയുടെ ഉള്ളടക്കം, രീതിശാസ്ത്രം, സമീപനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

- തദ്ദേശഭരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയ മേഖലകൾക്കായി കേന്ദ്രങ്ങൾ (Knowledge Hubs) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ദേശീയ/അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ചുക്കൊ് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

  i. സെന്റർ ഫോർ എസ്.ഡി.ജി.**(SDGs)** ആന്റ് ലോക്കൽ ഗവേണൻസ് - നാഷണൽ ഫൗഷേൻ ഓഫ് ഇന്ത്യ (NFI) എന്ന സ്ഥാപനവുമായി കരാർ

ഒപ്പുവെക്കുകയും 2017 ഒക്ടോബർ മാസം മുതൽ കേന്ദ്രം ആരംഭിക്കുകയും ചെയ്തു. കേരള സംസ്ഥാന ആസൂത്രണ ബോർഡ്, CPMU ചേർന്ന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

ii. **പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, ജൈ വൈവിധ്യം** - ഈ കേന്ദ്രത്തിൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റേയും ജൈവവൈവിധ്യ ബോർഡിന്റേയും സഹകരണത്തോടെ തുടർച്ചയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

iii. **ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ ഹബ്ബ് ഫോർ ലോക്കൽ ഗവൺമെന്റ്സ്** - ഈ ഹബ്ബിന്റെ പ്രവർത്തനത്തിനായി ഹൈദരാബാദിലുള്ള നാഷണൽ സെന്റർ ഫോർ ഇന്നവേഷൻസ് ഇൻ പബ്ലിക് പോളിസി എന്ന സ്ഥപനവുമായി കില കരാറിലേർപ്പെട്ടു. മുഖ്യലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു.

- പുതിയ ആശയങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം പകർന്ന് നൽകുകയും തദ്ദേശസ്ഥാപനങ്ങളിൽ അന്വേഷണാത്മക വീക്ഷണം വളർത്തിയെടുക്കുകയും ചെയ്യുക

- ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിനും അവരുടെ പുതിയ ആശങ്ങളേയും കത്തെലുകളേയും പ്രോത്സാഹിപ്പിക്കുക.

- വിവിധ പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും തദ്ദേശസ്ഥാപനങ്ങളുടെ സർഗ്ഗ ശക്തിയെയും പ്രശ്നപരിഹാര നടപടികളെയും പ്രോത്സാഹിപ്പിക്കുക

- സാങ്കേതിക പരിജ്ഞാനം പകർന്ന് നൽകാനുതകുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവക്കും തദ്ദേശസ്ഥാപനങ്ങൾക്കുമിടയിൽ മദ്ധ്യസ്ഥ പ്രവർത്തനങ്ങൾ നടത്തുകയും അത് വഴി പുതിയ കത്തെലുകൾക്കായി സാങ്കേതിക പരിജ്ഞാനം എത്തിക്കുകയും ചെയ്യുക

iv. **ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്** - ഈ കേന്ദ്രം, നയരൂപീകരണം, പദ്ധതി നിർവ്വഹണം, മൂല്യനിർണ്ണയം തുടങ്ങി വിവിധ ഘട്ടങ്ങളിൽ ലിംഗ പദവി വീക്ഷണം ഉൾപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുകയും അതുവഴി ലിംഗ നീതി ഉറപ്പാക്കുകയും ചെയ്യുന്നതായിരിക്കും. മുഖ്യപ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

- ലിംഗ നീതി ഉറപ്പാക്കുക, നയരൂപീകരണ നിർദ്ദേശങ്ങൾ തയ്യാറാക്കുക ആയത് നടപ്പിലാക്കുന്നതിന കാര്യശേഷി വികസിപ്പിക്കുക

- WCP, വിവിധ പ്രവർത്തനങ്ങൾ എന്നിവയുടെ പഠനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ജെന്റർ റിസോഴ്സ് സെന്ററുകളേയും (GRCs) സഹായിക്കുക.

- സാമൂഹ്യമാറ്റത്തിന് നിദാനമായ പ്രവർത്തനങ്ങളെ കൃത്യമായി രേഖപ്പെടുത്തുന്നതിനും ഇത് മറ്റുള്ളവർക്ക് പഠിക്കാനായി അവസരമുക്കുകയും ചെയ്യുക

- കിലയുടെ എല്ലാ പരിശീലന കാര്യശേഷി വികസന പരിപാടികളിലും ലിംഗനീതി ഉറപ്പാക്കുന്നതിനായി പരിശീലന സഹായികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക

- ലിംഗ പദവിയിലും സമാനമായ മറ്റ് വിഷയങ്ങളിലും കാര്യശേഷി വികസന പരിപാടികൾ നടപ്പിലാക്കുക

- സമാന സ്വഭാവമുള്ള പ്രവർത്തനങ്ങൾ നടത്തുന്ന സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മറ്റ് സ്ഥാപനങ്ങളുമായി ആശയ വിനിമയം നടത്തുക, അറിവ് പങ്ക് വെക്കുക, സഹകരണം വളർത്തിയെടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ

V. **ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ്** – ഭരണ ഘടനയുടെ 73,74 ഭേദഗതികൾക്ക് ശേഷം തദ്ദേശസ്ഥാപനങ്ങൾ ഏകദേശം കാൽനൂറ്റാ് പിന്നിട്ട് കഴിഞ്ഞു. എന്നാൽ ഇന്നും ഭരണകാര്യ നിർവ്വഹണവും നിയമവ്യവഹാരനടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമ വ്യവസ്ഥാപനവും പരിശീലനവും മതിയായ രീതിയലല്ല നടപ്പിലാക്കുന്നത്. ഇത് വഴിയായി അനാവശ്യ നിയമതർക്കങ്ങൾ, ധനനഷ്ടം, കാലതാമസം, മറ്റ് അനാവശ്യ സങ്കീർണ്ണതകൾ എന്നിവയും ഉാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ പരിശീലനം, സഹായ സഹകരണങ്ങൾ ഉറപ്പാക്കൽ എന്നിവയാണ് ഈ കേന്ദ്രം വഴിയായി ലക്ഷ്യമിടുന്നത്. ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- ഭരണപരവും നിയമവ്യവഹാരവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡുമാർക്കും സെക്രട്ടറിമാർക്കും പരിശീലനം നൽകുക

- പ്രസ്തുത വിഷയങ്ങളുടെ സംഗ്രഹിത മാർഗ്ഗരേഖ തയ്യാറാക്കി ലഭ്യമാക്കുക

- പരിശീലന കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക

- തദ്ദേശസ്ഥാപനങ്ങളുടെ സംശയ നിവാരണം

- ബന്ധപ്പെട്ട പഠനങ്ങൾ

Vi. **മറ്റ് വിഷയ കേന്ദ്രങ്ങൾ** : മുൻപ് തന്നെ രൂപീകരിച്ചിട്ടുള്ള വിവിധ കേന്ദ്രങ്ങളെ പുനർജ്ജീവിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമുള്ള നടപടികൾ ആരംഭിച്ചു. ഇതിൻപ്രകാരം ഓരോ കേന്ദ്രത്തിന്റെയും കൺസെപ്റ്റ് നോട്ട്, ആക്ഷൻ പ്ലാൻ, 2018-19 സാമ്പത്തിക വർഷത്തേക്കുള്ള പരിപാടികൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു. വിവിധ കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

1) KILA Tribal Development & Natural Resource Management Centre (KILA TD&NRM Centre), Agali, Palakkad

2) KILA Human Resource Development Centre (KILA HRD Centre), Kottarakkara, Kollam

3) KILA- Centre for Organic and Waste Management, Thaliparamba, Kannur

4) KILA- Centre for Socio-Economic Development, Kottarakkara, Kollam

5) KILA-Centre for Good Governance, Mannuthy, Thrissur

6) SC/ST Resource Centre, KILA, Thrissur

7) Child Resource Centre, KILA, Thrissur

8) Centre for Urban Governance, KILA, Thrissur

9) South Asian School of Local Governance, KILA, Thrissur

വെർച്വൽ ലേണിംഗ് സിസ്റ്റം – വിവിധ വിഷയങ്ങളിലെ പരിശീലനത്തിനായി കിലയിൽ വെർച്വൽ ക്ലാസ് റൂം സംവിധാനം പ്രയോജനപ്പെടുത്തി വരുന്നു

ഇൻഡക്ഷൻ ആന്റ് ഇൻസർവ്വീസ് പരിശീലനം- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് വിവിധ ഘട്ടങ്ങളിലായി പരിശീലനാർത്ഥികളുടെ സ്വഭാവമനുസരിച്ച് ഇൻഡക്ഷൻ, ഇൻസർവ്വീസ് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് വരുന്നു. ഇതോടുകൂടി തന്നെ ഈ ഉദ്യോഗസ്ഥർക്കായി വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും ആസൂത്രണം ചെയ്യുന്നു്.

നവകേരള മിഷന് കീഴിലുള്ള വിവിധ മിഷനുകളായ ലൈഫ്, ആർദ്രം, സമഗ്ര വിദ്യാഭ്യാസ പരിപാടി, ഹരിത കേരളം എന്നിവയുടെ മെച്ചപ്പെട്ട നടത്തിപ്പിനായി കാര്യശേഷി വികസന പരിപാടികൾ കില ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ വിവിധ സ്ഥാപനങ്ങളുടെ നവീകരണ ആശയങ്ങൾ, ഡോക്യുമെന്റ് ചെയ്യുകയും പ്രചരിപ്പിക്കുകയും വഴി മിഷന്റെ ഫലവത്തായ പ്രവർത്തനം ഉറപ്പാക്കുകയും ചെയ്യുന്നു.

കിലയുടെ റീജണൽ സെന്റർ, തിരുവനന്തപുരം ജില്ലയിലെ കുമാരപുരത്ത് 2017 സെപ്തംബർ മുതൽ ആരംഭിച്ചു. കെട്ടിടത്തിന് 30,000/- രൂപയാണ് മാസവാടകയായി കൊടുത്ത് കൊിരിക്കുന്നത്. സർക്കാരിന്റെ വിവിധ മിഷനുകളുടെ പരിപാടികളുടെ ആസൂത്രണം, നടത്തിപ്പ് മുതലായ കാര്യപരിപാടികൾ ഈ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന് വരുന്നു.

വിവിധ ഇന്റർനാഷണൽ പരിശീലന കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊ് 'Capacity Development for Local Governments' ഇന്റർനാഷണൽ കോൺഫറൻസ് മാർച്ചിൽ ആസൂത്രണം ചെയ്തിട്ടു്.

തദ്ദേശ സ്ഥാപനങ്ങളിൽ കുട്ടികളുടെ അവകാശം ഉറപ്പുവരുത്തുക, ശിശുസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുക എന്നിവ ലക്ഷ്യമിട്ടുക്കൊ് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

2018-19 സാമ്പത്തിക വർഷത്തേക്കുള്ള കിലയുടെ എല്ലാ കേന്ദ്രങ്ങളേയും ഏകോപിപ്പിച്ചുക്കൊുള്ള സമഗ്ര പരിശീലന കലർ തയ്യാറാക്കി വരുന്നു.

വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനു വേി സമർപ്പിക്കുന്നു. (**അനുബന്ധം-15**)(**പേജ് നം: 362-368**)

തീരുമാനം:

1) *വിവിധ കർമ്മപരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ട് അംഗീകരിച്ചു*
2) *തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചതിന് ശേഷം ജോലിയിൽ പ്രവേശിക്കുവാനും പരിശീലനാന്ത്യത്തിൽ പരീക്ഷ നടത്തി ഗ്രേഡിംഗ് നടത്തുക, ഇത് പ്രമോഷന്റെ മാനദണ്ഡമാക്കുക തുടങ്ങിയ രീതികൾ അവലംബിച്ചുക്കൊുള്ള പരിശീലന പരിപാടികൾ തയ്യാറാക്കുവാനും നിർദ്ദേശിച്ചു.*

ഐറ്റം നമ്പർ : 10

5 വർഷത്തെ വിശദമായ കർമ്മപരിപാടി (2017-18 മുതൽ 2021-22 വരെ)

കിലയുടെ അഞ്ച് വർഷക്കാലയളവിലേക്കുള്ള വിശദമായ കർമ്മപരിപാടി തയ്യാറാക്കിയിട്ടു്. ആയത് ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനു വേി സമർപ്പിക്കുന്നു. (**അനുബന്ധം-16**)(**പേജ് നം: 369-379**)

തീരുമാനം:

5 വർഷത്തെ വിശദമായ കർമ്മപരിപാടി റിപ്പോർട്ട് (2017-18 മുതൽ 2021-22 വരെ) അംഗീകരിച്ചു.

അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ

ഐറ്റം നമ്പർ : 1

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫ് കമ്മീഷണർ, കോഴിക്കോട് 08/12/2017 തീയതിയിലെ കത്ത് നമ്പർ KR/KKD/17592/Enf-Rec/4(5)/8F/2017/5889 പ്രകാരം രൂപ 44,56,635/- അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ് - Damage/Penality തുക ഇനത്തിൽ അടക്കുവാനുള്ള അറിയിപ്പ്

തീരുമാനം:

അഹാഡ്സ് -സിസിപിആർഎം ജീവനക്കാരുടെ ഇ.പി.എഫ് തുക Damage/Penality തുക ഇനത്തിൽ അടക്കേതാണ്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിച്ച് ആവശ്യമായ പരിശോധനകൾ പൂർത്തീകരിച്ച് വേ നടപടികൾ എടുക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.

പൊതു നിർദ്ദേശങ്ങൾ

ഇനി മുതൽ പുതിയ ഗവേർണിംഗ് കൗൺസിലിന്റെ സാഹചര്യത്തിൽ അജ കുറിപ്പുകൾ, പ്രവർത്തന റിപ്പോർട്ട്, കണക്ക് തുടങ്ങിയവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കാൻ നിർദ്ദേശിച്ചു.

യോഗം വൈകിട്ട് 5 മണിക്ക് അവസാനിച്ചു.

പ്രസിഡന്റ്
ഗവേർണിംഗ് കൗൺസിൽ

ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി

SKV & Associates
Chartered Accountants

അനുബന്ധം-II

TC 39/2738,
"Sree Priya",
Koorkkanchery,
Thrissur - 680 007
Phone: 0487-2425853/2427313
E-mail: skv.cas@gmail.com

Ref:

Date: 05.08.2018

AUDITORS' REPORT

The Chairman Governing Council
Kila
Mulakunnathukavu

We have audited the attached Balance Sheet of **Kerala Institute of Local Administration (KILA)** as at **31st March 2018** and also the Receipts and Payments Account for the year ended on that date annexed thereto. These financial statements are the responsibility of the Society's management. Our responsibility is to express an opinion on these financial statements based on our audit.

We conducted the audit in accordance with auditing standards generally accepted in India. Those standards require that we plan and perform the audit to obtain reasonable assurance about whether the financial statements are free of material misstatement. An audit includes examining, on a test basis, evidence supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made by management, as well as evaluating the overall financial statement presentation. We believe that our audit provides a reasonable basis for our opinion. The physical verification of fixed assets is also the responsibility of the management.

We report that subject to our observations in (a) to (c) following,

a) It have been observed that an amount of Rs.1,41,02,112/- being the unutilized funds of KILA-CHRD Kottarakkara remain unadjusted in the absence reconciliation of the relevant data/records or correspondence. It was reported by management that the same would be set right during the financial 2018-19.
b) Similarly an amount of Rs.25,03,800/- transferred by KILA-CHRD Kottarakkara to erstwhile AHADS CCPRM Agali for conducting (BFT) 'Bare Foot Training' and 'MGNREGS' training would be settled with appropriate utilization certificate during 2018-19.
c) With respect to Tax Deducted at Source (TDS), as given in Note 1, deductions are made only at the time of payments in lieu of at the time of credit, in contraventions of the Income Tax Act.

i) We have obtained all the information and explanations, which to the best of our knowledge and belief were necessary for the purpose of our audit.

ii) In our opinion, proper books of account as required by law have been kept by the Society so far as it appears from our examination of those books.

iii) The Balance Sheet and Receipts and Payments Account dealt with by this report are in agreement with the Books of Account;

SKV & Associates CHARTERED ACCOUNTANTS "Vishnu Priya" House No. TMC/39/1753 Saw Mill Road, Koorkenchery Thrissur-680 007

iv) In our opinion and to the best of our information and according to the explanations given to us, and subject to our observations and given in (a) to (c) and the notes attached hereto and forming part of the balance sheet, give a true and fair view of the state of affairs of the society as on 31.03.2018, in conformity with the accounting principles generally accepted in India.

Place: THRISSUR
Date: 05.08.2018

